2024 DECEMBER
10
TUESDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY
e-paper




# ബാങ്ക് പലിശ നിരക്കുകൾ കുറച്ചേക്കും

**കൊച്ചി:** ഇന്ത്യയുടെ സാമ്പത്തിക മേഖലയ്ക്ക് ഉണർവ് നൽകാൻ റിസർവ് ബാങ്ക് അടിസ്ഥാന പലിശ നിരക്കുകൾ കുറയ്ക്കുമെന്ന പ്രതീക്ഷയേറുന്നു. അടിസ്ഥാന നിരക്കുകൾ കുറഞ്ഞാൽ വായ്പാ പലിശകളുടെ നിരക്കിലും വിവിധ ബാങ്കുകൾ ആനുപാതികമായി കുറവ് വരുത്തും. എന്നാൽ, ഇതിനൊപ്പം ഫിക്സഡ് ഡെപ്പോസിറ്റുകൾക്ക് നൽകിവരുന്ന പലിശയിലും കുറവുണ്ടാകും. കേന്ദ്ര ധനമന്ത്രി നിർമല സീതാരാമനും വാണിജ്യ മന്ത്രി പിയൂഷ് ഗോയലും അടിസ്ഥാന പലിശ നിരക്ക് കുറയ്ക്കുന്നതിനു വേണ്ടി റിസർവ് ബാങ്ക് ഗവർണർ ശക്തികാന്ത ദാസിനു മേൽ സമ്മർദം തുടരുകയാണെന്നാണ് സൂചന. പിയൂഷ് ഗോയൽ ഇക്കാര്യം പരസ്യമായി തന്നെ ആവശ്യപ്പെട്ടിരുന്നു.




ഉയർന്ന പലിശ നിരക്ക് ഇന്ത്യയുടെ സാമ്പത്തിക വളർച്ചയെ ബാധിക്കുന്നുവെന്നാണ് ധനമന്ത്രിയുടെയും വാണിജ്യ മന്ത്രിയുടെയും വിലയിരുത്തൽ. ഈ സാഹചര്യത്തിൽ റിസർവ് ബാങ്ക് ഉദാര ധന സമീപനം സ്വീകരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. മൂന്ന് ദിവസമായി നടക്കുന്ന ആറ് അംഗ ധന നയ രൂപീകരണ സമിതി യോഗം പൂർത്തിയാകുന്നതോടെ റിസർവ് ബാങ്ക് ഗവർണർ തീരുമാനം പ്രഖ്യാപിക്കും. റിസർവ് ബാങ്കിൽ നിന്ന് വാണിജ്യ ബാങ്കുകൾ വാങ്ങുന്ന വായ്പയുടെ പലിശയായ റിപ്പോ നിരക്കിൽ കാൽ ശതമാനം കുറവാണ് പ്രതീക്ഷിക്കുന്നത്. ജൂലൈ മുതൽ സെപ്റ്റംബർ വരെയുള്ള മൂന്ന് മാസത്തിൽ വളർച്ചാ നിരക്ക് 5.4 ശതമാനത്തിലേക്ക് മൂക്കുകുത്തിയതിനാൽ പലിശ കുറയ്ക്കാൻ റിസർവ് ബാങ്ക് നിർബന്ധിതരായേക്കും.

അതേസമയം, പലിശ കുറയ്ക്കുന്നതിന് പകരം വിപണിയിലെ പണലഭ്യത മെച്ചപ്പെടുത്താനായി ബാങ്കുകളുടെ കരുതൽ ധന അനുപാതം കുറയ്ക്കാനുള്ള സാധ്യതയും ധനകാര്യ വിദഗ്ധർ തള്ളിക്കളയുന്നില്ല. രണ്ട് ഘട്ടങ്ങളിലായി അര ശതമാനം കുറവാണ് ധന അനുപാതത്തിൽ പ്രതീക്ഷിക്കുന്നത്.

ഒക്റ്റോബറിൽ ചില്ലറ വില സൂചിക അടിസ്ഥാനമായുള്ള നാണയപ്പെരുപ്പം 6.21 ശതമാനമായി ഉയർന്നതാണ് പലിശ നിരക്ക് കുറയ്ക്കുന്നതിന് വിഘാതമായി റിസർവ് ബാങ്ക് കാണുന്നത്.

# യുഎഇ സമ്പദ് വ്യവസ്ഥയിൽ 24 മടങ്ങ് വളർച്ച

**ദുബായ്:** കഴിഞ്ഞ 53 വർഷത്തിനിടെ യുഎഇയുടെ സമ്പദ് വ്യവസ്ഥ 24 മടങ്ങ് വളർച്ച നേടിയതായി യുഎഇ വിദേശ വ്യാപാര സഹമന്ത്രി ഡോ. ഥാനി ബിൻ അഹമ്മദ് അൽ സിയൂദി. അബുദാബി ബിസിനസ് വീക് ഉദ്ഘാടനച്ചടങ്ങിൽ നടത്തിയ മുഖ്യ പ്രഭാഷണത്തിലാണ് അദ്ദേഹം ഇക്കാര്യം അറിയിച്ചത്. രാജ്യത്തെ എണ്ണ ഇതര വ്യാപാരം റെക്കോർഡ് ഉയരങ്ങളിലേക്ക് ഉയർത്താൻ സിഇപിഎ സഹായിച്ചിട്ടുണ്ടെന്നും അൽ സിയൂദി അഭിപ്രായപ്പെട്ടു.24 രാജ്യങ്ങളുമായി സമഗ്ര സാമ്പത്തിക പങ്കാളിത്ത കരാറിൽ (സെപ) യുഎഇ ഒപ്പു വച്ചിട്ടുണ്ട്. ഇവയിൽ ആറ് രാജ്യങ്ങളുമായി കരാർ പ്രകാരമുള്ള വ്യാപാരം നടക്കുന്നുണ്ട്. രാജ്യങ്ങൾ തമ്മിലുള്ള വ്യാപാരം വർധിപ്പിക്കാനായി ഇറക്കുമതിക്കും കയറ്റുമതിക്കും മേലുള്ള കസ്റ്റംസ് തീരുവകളും താരിഫുകളും ഒഴിവാക്കുകയോ ഗണ്യമായി കുറയ്ക്കുകയോ ചെയ്യുന്നതിനാണ് കരാറുകൾ രൂപകൽപന ചെയ്തിരിക്കുന്നതെന്നും അദ്ദേഹം വിശദീകരിച്ചു.

വ്യാപാരത്തിന് ശക്തമായ ഊന്നൽ നൽകുന്നതാണ് യു.എ.ഇയുടെ 2031ലെ അജണ്ട. സെപ മുഖേന അടുത്ത ഏഴ് വർഷത്തിനുള്ളിൽ എണ്ണ ഇതര വിദേശ വ്യാപാരത്തിൽ 4 ട്രില്യൺ ദിർഹം രാജ്യം ലക്ഷ്യമിടുന്നു. കൂടാതെ, കയറ്റുമതി 800 ബില്യൺ ദിർഹമായി വർധിപ്പിക്കും. 2022 മുതൽ ലോകമെമ്പാടുമുള്ള 24 രാജ്യങ്ങളുമായി പല തരത്തിലുള്ള സ്വതന്ത്ര വ്യാപാര ഇടപാടുകൾ പൂർത്തിയാക്കി. അതിൽ ആറെണ്ണം പ്രധാന പങ്കാളികളായ ഇന്ത്യയും തുർക്കിയും തമ്മിലുള്ളതാണ്.

എണ്ണ ഇതര വ്യാപാരം ആദ്യ പകുതിയിൽ എക്കാലത്തെയും ഉയർന്ന തുകയായ 1.39 ട്രില്യൺ ദിർഹം എന്ന നേട്ടത്തിലെത്തിയിരിക്കുകയാണ്. പ്രതിവർഷം 11.2 ശതമാനം വളർച്ചയാണ് രേഖപ്പെടുത്തുന്നതെന്ന് മന്ത്രി പറഞ്ഞു. യുഎഇയുടെ സാമ്പത്തിക വളർച്ച വ്യാപാരം, സാങ്കേതിക വിദ്യ, നിക്ഷേപങ്ങൾ എന്നീ മൂന്ന് ഘടകങ്ങളെ ആധാരമാക്കിയാണ് നിലകൊള്ളുന്നതെന്നും അൽ സിയൂദി കൂട്ടിച്ചേർത്തു.

# ശതകോടീശ്വരന്മാരുടെ കുതിപ്പിൽ ഇന്ത്യ: മൊത്തം ആസ്തി 905 ബില്യൺ ഡോളറായി

**ന്യൂദൽഹി:** ഇന്ത്യയിലെ ശതകോടീശ്വരന്മാരുടെ സമ്പത്തിൽ പത്ത് വർഷത്തിനിടെയുണ്ടായ വർധന മൂന്നിരട്ടി. 905.6 ബില്യൺ ഡോളറാണ് ഇവരുടെ ആസ്തിയെന്ന് യുബിഎസിന്റെ റിപ്പോർട്ടിൽ പറയുന്നു. ആഗോളതലത്തിൽ ശതകോടീശ്വരന്മാരുടെ സമ്പത്തിൽ ഇന്ത്യ മൂന്നാം സ്ഥാനത്താണ്. യുഎസിനും ചൈനക്കും പിന്നിൽ.

2023ലെ 637.1 ബില്യൺ ഡോളറിൽനിന്നാണ് 42 ശതമാനം വർധനവുണ്ടായത്. ഇത് ആഗോള ശരാശരിയേക്കാൾ കൂടുതലാണെന്നും യുബിഎസിന്റെ ബില്യണയർ റിപ്പോർട്ടിൽ വ്യക്തമാക്കുന്നു. കുടുംബ ബിസിനസുകളുടെ മുന്നേറ്റവും ഇന്ത്യയുടെ ദ്രുതഗതിയിലുള്ള വളർച്ചയുമാണ് ഇതിന് പിന്നിലെന്നാണ് വിലയിരുത്തൽ.

പത്ത് വർഷത്തിനിടെ ഇന്ത്യയിലെ ശതകോടീശ്വരന്മാരുടെ എണ്ണം 185 ആയി. 123 ശതമാനമാണ് വർധന. ഫാർമ, എഡ്യുടെക്, ഫിൻടെക് തുടങ്ങിയ മേഖലകളിലെ സംരംഭങ്ങളാണ് ഇതിന് പിന്നിലെന്നാണ് യുബിഎസിന്റെ റിപ്പോർട്ട്.

ലോകത്തൊട്ടാകെയുള്ള ശതകോടീശ്വരന്മാരുടെ ആസ്തിയിൽ ഒരു വർഷത്തിനിടെ 17 ശതമാനമാണ് വർധനവുണ്ടായത്. എണ്ണമാകട്ടെ 2,544ൽനിന്ന് 2,682ലെത്തുകയും ചെയ്തു. ആസ്തി 12 ലക്ഷം കോടി ഡോളറിൽനിന്ന് 14 ലക്ഷം കോടി ഡോളറായി.

യുഎസിലെ ശതകോടീശ്വരന്മാരുടെ എണ്ണം 751ൽനിന്ന് 835 ആയി ഉയർന്നു. അവരുടെ മൊത്തം ആസ്തി 4.06 ലക്ഷം കോടി ഡോളറിൽനിന്ന് 5.8 ലക്ഷം കോടി ഡോളറായി. ചൈനയിലാകട്ടെ എണ്ണത്തിൽ കുറവാണ് രേഖപ്പെടുത്തിയത്. ശതകോടീശ്വരന്മാരുടെ എണ്ണം 520 ൽനിന്ന് 427 ആയി. സമ്പത്താകട്ടെ 1.8 ലക്ഷം കോടി ഡോളറിൽനിന്ന് 1.4 ലക്ഷം കോടി ഡോളറായി കുറയുകുയം ചെയ്തു. 2021ൽ യുബിഎസ് പുറത്തുവിട്ട കണക്കുകൾ പ്രകാരം ചൈനയിൽ 626 ശതകോടീശ്വരന്മാരുണ്ടായിരുന്നു.

റിലയൽ എസ്റ്റേറ്റ് വിപണികളിലെ നഷ്ടവും ചില സമ്പന്നരുടെ ഉടമസ്ഥതയിലുള്ള കമ്പനികളുടെ മൂല്യത്തിലുണ്ടായ ഇടിവുമാണ് ആസ്തിയിൽ കുറവുണ്ടാക്കിയതെന്ന് യുബിഎസ് വെൽത്ത് മാനേജുമെന്റിലെ സ്ട്രാറ്റജിക് ക്ലയന്റ്സ് മേധാവി ബെഞ്ചമിൻ കവല്ലി പറയുന്നു.

പടിഞ്ഞാറൻ യൂറോപ്പിൽ ബ്രിട്ടനെ മറികടന്ന് സ്വിറ്റ്സർലാൻഡ് ഏറ്റവും കൂടുതൽ ശതകോടീശ്വരന്മാരുള്ള രണ്ടാമത്തെ രാജ്യമായി. 10ൽനിന്ന് 85 ആയാണ് കൂടിയത്. ഫ്രാൻസിൽ 12 പേർ വർധിച്ച് 46 ആയി. ഇറ്റലിയിലാകട്ടെ ആറ് പേർ കൂടി 62ഉം സ്പെയിനിൽ മൂന്നു പേർ കൂടി 27 ആയും ഉയർന്നതായി റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു.



# കുടുംബശ്രീ ഇടുക്കി ജില്ലാ മിഷനിൽ ബ്ലോക്ക് കോഓർഡിനേറ്ററുടെ ഒഴിവുകൾ

**ഇടുക്കി:** ജില്ലയിൽ കുടുംബശ്രീ മുഖേന നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളിൽ ബ്ലോക്ക് തലത്തിൽ നിർവ്വഹണത്തിനായി നിലവിലെ ബ്ലോക്ക് കോഓർഡിനേറ്റർമാരുടെ (ഐ.ബി.സി.ബി എഫ് ഐ എം.ഐ.എസ്) അപേക്ഷ ക്ഷണിച്ചു.

ബിരുദം, കംപ്യൂട്ടർ പരിജ്ഞാനം നിർബന്ധം(എം.എസ് വേർഡ്, എക്സൽ) വനിതകൾ മാത്രം കുടുംബശ്രീ അംഗം/കുടുംബാംഗം/ ഓക്സിലറി അംഗം ആയിരിക്കണം 2024 ജൂൺ 6 ന് 35 വയസ്സിൽ കൂടാൻ പാടില്ല, ഒരു വർഷത്തേയ്ക്ക് കരാർ അടിസ്ഥാനത്തിലായിരിക്കും നിയമനം. തെരഞ്ഞെടുപ്പ് രീതി എഴുത്തു പരീക്ഷയുടെയും അഭിമുഖത്തിന്റെയും,വെയ്റ്റേജിന്റെയും അടിസ്ഥാനത്തിൽ ആയിരിക്കും, അപേക്ഷിക്കുന്ന ബ്ലോക്കിലെ സ്ഥിരതാമസക്കാർ, തൊട്ടടുത്ത ബ്ലോക്കിൽ താമസിക്കുന്നവർ / ജില്ലയിൽ താമസിക്കുന്നവർ എന്നിവർക്ക് മുൻഗണന നൽകുന്നതാണ്, കുടുംബശ്രീ അംഗം/ കുടുംബശ്രീ കുടുംബാംഗം/ ഓക്സിലറി അംഗം എന്നിവരായ വനിതകൾക്കുമാത്രമേ ടി തസ്തികയിൽ അപേക്ഷിക്കുവാൻ അർഹതയുണ്ടായിരിക്കുകയുള്ളു. ബന്ധപ്പെട്ട മേഖലയിൽ പ്രവൃത്തി പരിചയം ഉള്ളവർക്ക് മുൻഗണന നൽകുന്നതാണ്.

അപേക്ഷകൾ കുടുംബശ്രീ ജില്ലാ മിഷൻ ഓഫീസിൽ നിന്ന് നേരിട്ടോ https://www.kudumbashree.org.എന്ന വെബ് സൈറ്റിൽ നിന്നോ ലഭിക്കുന്നതാണ്.

അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഡിസംബർ 20 വൈകുന്നേരം 5.00 മണിവരെ. ഭാഗികമായി പൂരിപ്പിച്ച/ അവ്യക്തമായ അപേക്ഷകൾ എന്നിവ നിരുപാധികം നിരസിക്കുന്നതാണ്. പരീക്ഷാഫീസായി ജില്ലാ മിഷൻ കോഓർഡിനേറ്റർ, ഇടുക്കി ജില്ലയുടെ പേരിൽ മാറാവുന്ന 200 രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. പൂരിപ്പിച്ച അപേക്ഷക്കൊപ്പം വിദ്യാഭ്യാസ യോഗ്യത , ഫോട്ടോ വിലാസം തെളിയിക്കുന്ന സർട്ടിഫിക്കറ്റ്എ ന്നിവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും, അയൽക്കൂട്ട അംഗം/ കുടുംബാംഗം/ ഓക്സിലറി ഗ്രൂപ്പ് അംഗം ആണെന്നതിനും വെയ്റ്റേജ് മാർക്കിന് അർഹതപ്പെട്ട അപേക്ഷക ആണെന്നതിനും സി.ഡി.എസിന്റെ സാക്ഷ്യപത്രവും ഡിമാന്റ് ഡ്രാഫ്റ്റും ഉള്ളടക്കം ചെയ്യേണ്ടതാണ്. യാതൊരു കാരണവശാലും അസൽ സർട്ടിഫിക്കറ്റുകൾ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതില്ല. അപേക്ഷ സമർപ്പിക്കുന്ന കവറിനു മുകളിൽ'കുടുംബശ്രീ ബി.സി.3 ഒഴിവിലേയ്ക്കുള്ള അപേക്ഷ' എന്ന് വ്യക്തമായി രേഖപ്പെടുത്തണം.

അപേക്ഷകൾ അയയ്ക്കേണ്ട മേൽവിലാസം ജില്ലാ മിഷൻ കോഓർഡിനേറ്റർ,കുടുംബശ്രീ, ഇടുക്കി ജില്ല,സിവിൽ സ്റ്റേഷൻ, പൈനാവ് പി.ഒ.,ഇടുക്കി .പിൻ. 685603 ഫോൺ: 04862 23222.

# ക്ഷീര സംഗമം ഡിസം 16 ന്

**ആലപ്പുഴ:** പുന്നപ്ര ക്ഷീരസംഘത്തിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ആലപ്പുഴ ജില്ലാ ക്ഷീര സംഗമവും ക്ഷീരതീരം പദ്ധതിയും ക്ഷീരവികസന, മൃഗസംരക്ഷണ വകുപ്പ് മന്ത്രി ജെ ചിഞ്ചുറാണി പുന്നപ്ര ഗ്രിഗോറിയൻ കൺവെൻഷൻ സെന്ററിൽ ഡിസംബർ 16 ന് രാവിലെ 10 .30 ന് ഉദ്ഘാടനം ചെയ്യും. ഫിഷറീസ്, സാംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാൻ ജില്ലയിലെ മികച്ച ക്ഷീരകർഷകനെ വേദിയിൽ ആദരിക്കും. അമ്പലപ്പുഴ എം.എൽ.എ എച്ച് സലാം അധ്യക്ഷത വഹിക്കും. എം.പിമാരായ കെ.സി വേണുഗോപാൽ, കൊടിക്കുന്നിൽ സുരേഷ്, എം.എൽ.എ മാരായ പി.പി ചിത്തരഞ്ജൻ, അഡ്വ. യു പ്രതിഭ, ദലീമ ജോജോ, തോമസ് കെ തോമസ്, രമേശ് ചെന്നിത്തല, എം.എസ് അരുൺകുമാർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.ജി രാജേശ്വരി എന്നിവർ സംസാരിക്കും.

രണ്ടു ദിവസങ്ങളിലായി നടക്കുന്ന പരിപാടിയുടെ സമാപന സമ്മേളനത്തിന്റെ ഉദ്ഘാടനവും വിരമിച്ച ജീവനക്കാർക്കുള്ള ആദരവും ഡിസംബർ 17ന് ഉച്ചയ്ക്ക് 12 ന് കൃഷി വകുപ്പ് മന്ത്രി പി പ്രസാദ് ഉദ്ഘാടനം ചെയ്യും. അമ്പലപ്പുഴ എംഎൽഎ എച്ച് സലാം അധ്യക്ഷത വഹിക്കും. ത്രിതല പഞ്ചായത്ത് പ്രതിനിധികൾ, ക്ഷീരസംഘം പ്രതിനിധികൾ, ക്ഷീര വികസന വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, ആത്മ, മിൽമ, കേരള ഫീഡ്സ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുക്കും . പൊതുസമ്മേളനം, ക്ഷീരവികസന സെമിനാർ, ക്ഷീരകർഷകരെ ആദരിക്കൽ, ക്ഷീരകർഷക മുഖാമുഖം, വിവിധപ്രദർശനങ്ങൾ, ശിൽപശാല, ഡയറി ക്വിസ് മത്സരം, സമ്മാനദാനം, കലാപരിപാടികൾ എന്നിവ ഉണ്ടായിരിക്കും.

ക്ഷീര വികസന വകുപ്പിന്റെയും ജില്ലയിലെ ക്ഷീര സഹകരണ സംഘങ്ങളുടെയും സംയുക്ത ആഭിമുഖ്യത്തിൽ ത്രിതല പഞ്ചായത്തുകൾ , ആത്മ, മിൽമ, കേരള ഫീഡ്സ് എന്നിവയുടെ സഹകരണത്തോടെയാണ് പരിപാടി സംഘടിപ്പിച്ചിരിക്കുന്നത്.




ഇഎൻടി ശസ്ത്രക്രിയ വിദഗ്ദരുടെ സംഘടനയായ അസോസിയേഷൻ ഓഫ് ഓട്ടോലാറിംഗോളജിസ്റ്റ്സ് ഓഫ് ഇന്ത്യ(എഒ ഐ)യുടെ 76ാമത് ദേശീയ സമ്മേളനം എഒഐ കോൺ 2025 ന്റെ ലോഗോ പ്രകാശനം എറണാകുളം ലേ മെറീഡിയൻ ഹോട്ടലിൽ നടന്ന ചടങ്ങിൽ എഒഐ ദേശീയ സെക്രട്ടറി ഡോ. കൗശൽ സേത്ത്, ട്രഷറർ ഡോ. യോഗേഷ് ധബോൽക്കർ, പ്രസിഡന്റ് ഇലക്ട് ഡോ. ദ്വൈപൻ മുഖർജി, മുൻ പ്രസിഡന്റ് ഡോ. നന്ദു ഖോൽവാദ്കർ എന്നിവർ ചേർന്ന് നിർവ്വഹിച്ചപ്പോൾ. ഡോ. പ്രീതി മേരി, ഡോ. പ്രവീൺ ഗോപിനാഥ്, ഡോ. മുഹമ്മദ് നൗഷാദ് വി., ഡോ. മാത്യു ഡൊമിനിക്, ഡോ.കെ.ജി സജു തുടങ്ങിയവർ സമീപം

# എഒഐ കോൺ 2025: ലോഗോ പ്രകാശനം ചെയ്തു

**കൊച്ചി:** ഇഎൻടി ശസ്ത്രക്രിയ വിദഗ്ദരുടെ സംഘടനയായ അസോസിയേഷൻ ഓഫ് ഓട്ടോലാറിംഗോളജിസ്റ്റ്സ് ഓഫ് ഇന്ത്യ(എഒഐ)യുടെ 76ാമത് ദേശീയ സമ്മേളനം എഒഐ കോൺ 2025 ന്റെ ലോഗോ പ്രകാശനം ചെയ്തു. എറണാകുളം ലേ മെറീഡിയൻ ഹോട്ടലിൽ നടന്ന ചടങ്ങിൽ എഒഐ ദേശീയ സെക്രട്ടറി ഡോ. കൗശൽ സേത്ത്, ട്രഷറർ ഡോ. യോഗേഷ് ധബോൽക്കർ, പ്രസിഡന്റ് ഇലക്ട് ഡോ. ദ്വൈപൻ മുഖർജി, മുൻ പ്രസിഡന്റ് ഡോ. നന്ദു ഖോൽവാദ്കർ എന്നിവർ ചേർന്ന് ലോഗോയുടെ പ്രകാശനം നിർവ്വഹിച്ചു. സംഘാടക സമിതി ചെയർമാൻ ഡോ. മാത്യു ഡൊമിനിക്, സയന്റിഫിക് ചെയർമാനും എഒഐ കൊച്ചി ബ്രാഞ്ചിന്റെ പ്രസിഡന്റുമായ ഡോ. മുഹമ്മദ് നൗഷാദ് വി., ഓർഗനൈസിംഗ് സെക്രട്ടറി ഡോ. പ്രവീൺ ഗോപിനാഥ്, ട്രഷറർ ഡോ.കെ.ജി സജു, കൺവീനർ ഡോ. എം.എം ഹനീഷ്, ജോയിന്റ് സെക്രട്ടറിമാരായ ഡോ. പ്രീതി മേരി, ഡോ. സച്ചിൻ സുരേഷ്, ഡോ. ജോർജ്ജ് തുകലൻ തുടങ്ങിയവർ പങ്കെടുത്തു. ചിത്രകാരൻ കൂടിയായ ഡോ. മുഹമ്മദ് അസ്‌ലം ആണ് ലോഗോയുടെ രൂപകൽപ്പന നടത്തിയത്. ഒറ്റനോട്ടത്തിൽ മയിലിന്റെ രൂപമാണ് ലോഗോയ്ക്കുള്ളതെങ്കിലും ചെവി, തൊണ്ട ഉൾപ്പെടെയുള്ള മനുഷ്യശരീരത്തിലെ അവയവങ്ങളെ അടിസ്ഥാനമാക്കിയാണ് ലോഗോ തയ്യാറാക്കിയിരിക്കുന്നത്.. 2025 ജനുവരി 9,10,11,12 തിയതികളിൽ ലെ മെറീഡിയനിലാണ് സമ്മേളനം നടക്കുന്നത്. രാജ്യത്തിനകത്തും പുറത്തുനിന്നുമായുള്ള നാലായിരത്തോളം പ്രതിനിധികൾ സമ്മേളനത്തിൽ പങ്കെടുക്കും.




സംസ്ഥാന തൊഴിൽവകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ ഒഡെപെക് ന്റെ നേതൃത്വത്തിൽ അങ്കമാലിയിൽ ആരംഭിക്കുന്ന സർക്കാർ അധീനതയിലുള്ള ഇന്ത്യയിലെ ഏറ്റവും വലിയ ജർമ്മൻ ഭാഷാ പരീക്ഷാ കേന്ദ്രം ജർമ്മൻ കോൺസൽ ജനറൽ അഹിം ബുഹാട്ട് ഉദ്ഘാടനം ചെയ്യുന്നു. ഫിലിപ്പ് ഗാഗ്സ്റ്റാട്ടർ ബെർലിപ്സ്, അന്യാ വീസെൻ,അജിതാ ഷിജോ, രേണുക പഞ്ച്പോർ, തോസ്റ്റൻ കീഫർ, അന്യാ വീസെൻ, കെ. എ അനൂപ് തുടങ്ങിയവർ സമീപം

# ഒഡെപെക് ജർമ്മൻ ഭാഷാപരീക്ഷാ കേന്ദ്രം അങ്കമാലിയിൽ തുറന്നു

**കൊച്ചി :** സംസ്ഥാന തൊഴിൽവകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ ഓവർസീസ് ഡെവലപ്മെന്റ് ആന്റ് എംപ്ലോയ്മെന്റ് പ്രമോഷൻ കൺസൾട്ടന്റ് (ഒഡെപെക്) ന്റെ നേതൃത്വത്തിൽ ആരംഭിക്കുന്ന സർക്കാർ അധീനതയിലുള്ള ഇന്ത്യയിലെ ഏറ്റവും വലിയ ജർമ്മൻ ഭാഷാ പരീക്ഷാ കേന്ദ്രം അങ്കമാലിയിൽ പ്രവർത്തനം ആരംഭിച്ചു. അങ്കമാലി സൗത്ത് ഇൻകെൽ ബിസിനസ് പാർക്കിൽ നടന്ന സമ്മേളനത്തൽ ജർമ്മൻ കോൺസൽ ജനറൽ അഹിം ബുഹാട്ട് പരീക്ഷാ കേന്ദ്രത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. ഒഡെപെക് ചെയർമാൻ അഡ്വ. കെ.പി അനിൽകുമാർ അധ്യക്ഷത വഹിച്ചു.

ജർമൻ ഗവണ്മെന്റ് ഏജൻസി ഡീഫേ എക്സിക്യൂട്ടീവ് ഡയറക്ടർ തോസ്റ്റൻ കീഫെർ, ഒഡെപെക് എം.ഡി കെ.എ അനൂപ്,ടെൽക് ബിസിനസ് ഡെവലപ്മെന്റ് മാനേജർ രേണുക പഞ്ച്പോർ , ഡീഫേ ചീഫ് ലീഗൽ ഓഫീസർ അന്യ വീസെൻ, ഡീഫേ മൈഗ്രേഷൻ കൺസൾട്ടന്റുമാരായ കാർമെൻ ഹസ്ലെർ, എഡ്നാ മുളിരോ,ടെൽക് എക്സാമിനർ വിദ്യാ പിംഗ്ളെ, അങ്കമാലി നഗരസഭാ കൗൺസിലർ അജിതാ ഷിജോ.ഹെഡ് ഓഫ് റിക്രൂട്ട്മെന്റ് സ്വപ്ന അനിൽ ദാസ്, പോൾ എലിസ് ജാക്സൺ,ഹെലൻ മാരി ഗോറിംഗ്, ഫിലിപ്പ് ഗാഗ്സ്റ്റാട്ടർ ബെർലിപ്സ് തുടങ്ങിയവർ സംസാരിച്ചു.

കേരളത്തിൽ നിന്നും ജർമ്മനിയിൽ ജോലി തേടിപ്പോകുന്നവർക്ക് ഏറെ ഉപകാരപ്രദമായിരിക്കും അങ്കമാലിയിൽ പ്രവർത്തനം ആരംഭിച്ചിരിക്കുന്ന പരീക്ഷാ കേന്ദ്രമെന്ന് ഒഡെപെക് ചെയർമാൻ അഡ്വ. കെ.പി അനിൽകുമാർ പറഞ്ഞു. ഇവിടെ പ്രവേശനം ലഭിക്കുന്നവർക്ക് പഠനം, പരീക്ഷാ ഫീസ്, വിസ, വിമാന യാത്രാച്ചെലവ് എന്നിവർ സർക്കാർ വഹിക്കുമെന്നും അഡ്വ. കെ.പി അനിൽകുമാർ പറഞ്ഞു.

# വെല്ലുവിളികൾ നേരിടാൻ സഹകരണ മേഖല ശക്തം മന്ത്രി പി. രാജീവ്

**കൊച്ചി:**പുതിയ കാലത്തെ സാങ്കേതിക വെല്ലുവിളികൾ നേരിടാൻ കേരളത്തിലെ സഹകരണ പ്രസ്ഥാനം ശക്തമാണെന്നു വ്യവസായ വകുപ്പു മന്ത്രി പി. രാജീവ്. ഉദയംപേരൂർ സഹകരണ ബാങ്കിന്റെ ശതാബ്ദി സ്മാരക മന്ദിരം ഉത്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി.

കേരളത്തിലെ സഹകരണ മേഖല ഇന്ത്യയിലെ മറ്റിടങ്ങളിൽ നിന്നു വ്യത്യസ്തമായി ഏറെ ക്രിയാത്മക സംഭാവന നൽകിയിട്ടുള്ള സംവിധാനമാണ്. ഇപ്പോൾ പുതിയ കാലത്തിന്റെ പല വെല്ലുവിളികളെയും അവർ നേരിടുന്നു. സാങ്കേതികവിദ്യ ആണ് ഇതിലൊന്ന്. എല്ലാം കോർ ബാങ്കിംഗ് ആണിപ്പോൾ. നല്ല അറിവും വിദ്യാഭ്യാസവും ഉള്ളവർവരെ വെർചൽ അറസ്സിൽ ആകുന്ന കാലമാണ്. ബാങ്കിംഗ് സംവിധാനം കൈകാര്യം ചെയ്യുന്നവർ അത്തരം സാങ്കേതിക വിദ്യയെക്കുറിച്ചു നല്ല ധാരണ ഉള്ളവരായിരിക്കണം. അതുകൊണ്ടാണ് സഹകരണ ബാങ്ക് ബോർഡിൽ അത്തരം പ്രാതിനിധ്യം വേണമെന്ന് സർക്കാർ നിഷ്കർഷിച്ചത്.

അടുത്ത കാലത്തുണ്ടായ ചില പ്രശ്നങ്ങൾ അപൂർവമാണെങ്കിലും ആവർത്തിക്കപ്പെടാൻ പാടില്ല എന്നതിനാലാണു നിയമം തന്നെ ഭേദഗതി ചെയ്തത്. ഇതിനായി നിയമസഭയിൽ അവതരിപ്പിച്ച ബില്ല് സെലക്ട് കമ്മിറ്റിക്ക് വിട്ടു. കേരളത്തിലുടനീളം സഞ്ചരിച്ച കമ്മിറ്റി അംഗങ്ങൾ കക്ഷിരാഷ്ട്രീയത്തിനതീതമായി അനുഭവ സമ്പത്തുള്ള വ്യക്തിത്വങ്ങളുടെ അഭിപ്രായങ്ങൾ സമാഹരിച്ചിട്ടാണ് റിപ്പോർട്ട് തയാറാക്കി സമർപ്പിച്ചതും ബില്ല് നിയമസഭ പാസാക്കിയതും.

സഹകരണ ബാങ്ക് എങ്ങിനെ പ്രവർത്തിക്കുന്നു എന്നതിന്റെ പ്രധാന അളവുകോൽ എത്ര നിക്ഷേപം, വായ്പ എന്നതു മാത്രമല്ല, ബാങ്ക് പ്രവർത്തിക്കുന്ന മേഖലയിലെ മനുഷ്യരുടെ ജീവിതത്തിൽ എത്രമാത്രം മാറ്റം ഉണ്ടാക്കാൻ പറ്റും എന്നതു കൂടിയാണെന്ന് മന്ത്രി പറഞ്ഞു.ജീവിത നിലവാരം ഉയർത്താൻ കഴിഞ്ഞിട്ടുണ്ടോ എന്നത് പ്രധാനപ്പെട്ടതാണ്.

സഹകരണ ബാങ്ക് എല്ലാവർക്കും ഒരു സൗകര്യമാണ്. കല്യാണ ആവശ്യം വിദ്യാഭ്യാസ ആവശ്യം അല്ലെങ്കിൽ പെട്ടെന്നു പണത്തിന് ആവശ്യം വന്നാൽ ഓടിച്ചെല്ലാവുന്ന ഒരു സംവിധാനമാണ് നമ്മുടെ സഹകരണ ബാങ്കുകൾ.

തൊഴിൽ സൃഷ്ടിക്കുന്നതിലും ബാങ്കുകൾ കുറേകൂടി ക്രിയാത്മകമായി ഇടപെടണം. കാർഷിക പശ്ചാത്തല സൗകര്യ വികസനത്തിന് നബാർഡ് രണ്ടുകോടി രൂപ വരെ വായ്പ ബാങ്കുകൾക്ക് ചെറിയ പലിശയ്ക്കു നൽകുന്നുണ്ട്. സർക്കാർ ഇപ്പോൾ ശ്രമിക്കുന്നത് എല്ലാ വീട്ടിലും ഒരു തൊഴിൽ അല്ലെങ്കിൽ സംരംഭം എത്തിക്കാൻ പറ്റുമോ എന്നതാണ്. അതിനുള്ള വിഭവശേഷി നമ്മുടെ വീടുകളിലുണ്ട്. അത് കണ്ടെത്തി അവർക്ക് ആവശ്യമായ പരിശീലനം കൊടുത്ത് ഈ മേഖലയിൽ കൊണ്ടുവരാനാണ് സർക്കാർ ശ്രമിക്കുന്നതെന്ന് മന്ത്രി പറഞ്ഞു.

കെ ബാബു എംഎൽ എസോളാർ വായ്പ വിതരണം ഉദ്ഘാടനം ചെയ്തു. ബാങ്ക് പ്രസിഡന്റ് കെ എസ് ലിജു യോഗത്തിൽ അധ്യക്ഷനായിരുന്നു.

ജില്ലാ പഞ്ചായത്തംഗം കെ.വി. അനിത, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സജിത മുരളി, ബ്ലോക്ക് പഞ്ചായത്തംഗം പി.കെ. സുബ്രഹ്മണ്യൻ, ബാങ്ക് വൈസ് പ്രസിഡന്റ് കെ.കെ. ഷാബു, മുൻ പ്രസിഡന്റ് കൃഷ്ണൻ മാഷ്, ബാങ്ക് ഭരണ സമിതി അംഗങ്ങളായ ടി.കെ. ജയചന്ദ്രൻ, ടി.ടി ജയരാജ് , പി ജി രാജൻ, അസി. രജിസ്ട്രാർ എം എസ് ബിന്ദു, ബാങ്ക് സെക്രട്ടറി ഇ.പി. ഷീബ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.



# ക്രിസ്മസ് വരവായി : നക്ഷത്രപ്രഭയിൽ വിപണി

**കോട്ടയം:** അലങ്കാര ലൈറ്റുകൾ, ക്രിസ്മസ് പപ്പാ തൊപ്പികൾ, വിവിധതരത്തിലുള്ള സ്റ്റാറുകൾ... ക്രിസ്മസ് വിപണി സജീവം. നഗരത്തിലെ ഒട്ടുമിക്ക പാതയോരങ്ങളും വെട്ടിത്തിളങ്ങുകയാണ്. ക്രിസ്മസിൻറെ വരവറിയിച്ച് ഏറ്റവും പുതിയ നക്ഷത്രങ്ങളും വിവിധതരത്തിലുള്ള ലൈറ്റുകളും ആളുകളിലേക്കെത്തിക്കാൻ വ്യാപാരികൾ മത്സരിക്കുകയാണ്. മുൻവർഷങ്ങളിലേതിനെക്കാൾ ഇത്തവണ വിപണി നേരത്തെയൊരുങ്ങിയെന്ന് വ്യാപാരികൾ പറയുന്നു.

ക്രിസ്മസ് ട്രീകൾ അലങ്കരിക്കാൻ ഉപയോഗിക്കുന്ന വിവിധ തരത്തിലുള്ള ലൈറ്റുകൾ, ഡെക്കറേഷൻ സാധനങ്ങൾ എന്നിവയ്ക്കായാണ് കൂടുതലും ആളുകൾ എത്തുന്നത്. എൽഇഡി ലൈറ്റ് നക്ഷത്രങ്ങളും എൽഇഡി സ്ട്രിപ്പ് സ്റ്റാറും ഗ്ലാസ് സ്റ്റാറുമൊക്കെയാണ് ഇത്തവണ താരം. പ്രതികൂല കാലാവസ്ഥ വിപണിയുടെ തുടക്കത്തിൽ മങ്ങലേൽപ്പിച്ചിരുന്നെങ്കിലും ഇപ്പോൾ ഉഷാറാണെന്നും വ്യാപാരികൾ കൂട്ടിചേർത്തു.

പരമ്പരാഗതമായി ഉപയോഗിച്ചിരുന്ന പേപ്പർ നക്ഷത്രങ്ങൾ അപ്രത്യക്ഷമാകുന്നു. ഒട്ടുമിക്ക കടകളിലും എൽഇഡി സ്റ്റാറുകളാണ് വിൽപ്പനയ്ക്കായി എത്തിച്ചിരിക്കുന്നത്. പേപ്പർ സ്റ്റാറുകൾ നന്നേ കുറവാണ്. ആവശ്യക്കാരേറെ എൽഇഡി സ്റ്റാറുകൾക്കായതിനാലാണ് പേപ്പർ സ്റ്റാറുകൾ വിൽപ്പനയ്ക്കായി എത്തിക്കാത്തതെന്നാണ് വ്യാപാരികൾ പറയുന്നത്.

# അങ്കമാലി,എരുമേലി ശബരി റെയിൽ: ത്രികക്ഷി കരാർ 17ന് ചർച്ച ചെയ്യും

**തിരുവനന്തപുരം:** അങ്കമാലി,എരുമേലി ശബരി റെയിൽവേയുമായി ബന്ധപ്പെട്ട ത്രികക്ഷി കരാർ 17ന് മുഖ്യമന്ത്രി വിളിച്ചിരിക്കുന്ന ഓൺലൈൻ യോഗത്തിൽ ചർച്ചയാകും. പദ്ധതിയുമായി ബന്ധപ്പെട്ട് പകുതി ചെലവു വഹിക്കാമെന്ന് കേരളം അറിയിച്ചതിന്റെ പശ്ചാത്തലത്തിൽ ത്രികക്ഷി കരാറിന്റെ പകർപ്പ് റെയിൽവേ സംസ്ഥാനത്തിന് കൈമാറിയിരുന്നു. റിസർവ് ബാങ്കും റെയിൽവേയും സംസ്ഥാന സർക്കാരും പങ്കാളികളാകുന്ന കരാർ ഒപ്പു വയ്ക്കുന്നതോടെ കേരളം കൃത്യസമയത്ത് വിഹിതം നൽകിയില്ലെങ്കിൽ റിസർവ് ബാങ്ക് കേരളത്തിനുള്ള കേന്ദ്ര വിഹിതത്തിൽ നിന്ന് ആ പണം റെയിൽവേക്കു കൈമാറും.

ചില സംസ്ഥാനങ്ങൾ പകുതി ചെലവു വഹിക്കാമെന്നേറ്റ ശേഷം പാതിവഴിയിൽ പിന്മാറുന്നതിനാലാണു പുതിയ നിബന്ധന കേന്ദ്രം മുന്നോട്ടു വച്ചിരിക്കുന്നത്. പദ്ധതി നടപ്പാക്കാൻ കേന്ദ്ര സർക്കാർ തയാറാണെന്നു റെയിൽവേ മന്ത്രി പറയുന്നുണ്ടെങ്കിലും കരാറിൽ ഒപ്പു വയ്ക്കാതെ പദ്ധതി മരവിപ്പിച്ച തീരുമാനം റെയിൽവേ പുനഃപരിശോധിക്കില്ല. 2019ൽ പിയുഷ് ഗോയൽ റെയിൽവേ മന്ത്രിയായിരുന്നപ്പോഴാണ് എസ്റ്റിമേറ്റ് ക്രമാതീതമായി വർധിച്ചതും കേരളം പകുതി ചെലവു വഹിക്കാൻ തയാറാകാത്തതും കണക്കിലെടുത്തു പദ്ധതി മരവിപ്പിച്ചത്. 17ന് നടക്കുന്ന ഓൺലൈൻ യോഗത്തിൽ ഇടുക്കി, എറണാകുളം, കോട്ടയം കലക്ടർമാർക്കു പുറമേ റെയിൽവേ, കെആർഡിസിഎൽ ഉദ്യോഗസ്ഥർ, ചീഫ് സെക്രട്ടറി ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർ എന്നിവരും പങ്കെടുക്കും. 4 തുല്യ ഗഡുക്കളായി 1900 കോടി രൂപ കേരളം നൽകുകയാണെങ്കിൽ സംസ്ഥാനത്തിന്റെ കടമെടുപ്പു പരിധിക്കുള്ളിൽ നിന്നു തന്നെ പണം കണ്ടെത്താൻ കഴിയുമെന്നാണു സർക്കാർ പ്രതീക്ഷിക്കുന്നത്.

സംസ്ഥാനം 500 കോടി രൂപ നീക്കിവച്ചാൽ കേന്ദ്ര വിഹിതമായും 500 കോടി രൂപ ലഭിക്കും. 1000 കോടി രൂപ പ്രതിവർഷം പദ്ധതിക്കു ലഭിച്ചാൽ 4 വർഷം കൊണ്ടു പദ്ധതി പൂർത്തിയാക്കാൻ കഴിയും. കേന്ദ്ര വിഹിതമായി 282 കോടി രൂപ ഭൂമിയേറ്റെടുക്കാൻ നൽകിയത് കേരളത്തിന്റെ പക്കലുണ്ടെന്നു റെയിൽവേ മന്ത്രി പറഞ്ഞിട്ടുണ്ട്. എന്നാൽ ഈ പണത്തിന്റെ കണക്ക് കേരളം ഹാജരാക്കിയിട്ടില്ല.

## സൗജന്യ ലാപ്ടോപ്പ് വിതരണം: അപേക്ഷ ക്ഷണിച്ചു

**ആലപ്പുഴ:** 202425 അധ്യയന വർഷത്തിൽ പ്രൊഫഷണൽ കോഴ്സുകൾക്ക് ദേശീയ, സംസ്ഥാന തലത്തിൽ നടത്തുന്ന പൊതു പ്രവേശന പരീക്ഷകളുടെ അടിസ്ഥാനത്തിൽ മെരിറ്റിൽ അഡ്മിഷൻ ലഭിച്ച് പഠിച്ചുകൊണ്ടിരിക്കുന്ന കേരള മോട്ടോർ ക്ഷേമനിധി പദ്ധതിയിൽ സജീവാംഗങ്ങളായ തൊഴിലാളികളുടെ കുട്ടികൾക്ക് സൗജന്യമായി ലാപ്ടോപ്പ് വിതരണം ചെയ്യുന്നതിന് അപേക്ഷ ക്ഷണിച്ചു. എംബിബിഎസ്, എഞ്ചിനീയറിംഗ്, എംസിഎ, എംബിഎ, എംഎസ്സി നഴ്സിംഗ്, ബി എസ് സി നഴ്സിംഗ്, ബിഡിഎസ്, ബിഫാം, എംഫാം, ഫാംഡി, ബിഎസ്സി ഫോറസ്ട്രി, എംഎസ്സി ഫോറസ്ട്രി, എംഎസ്സി അഗ്രികൾച്ചർ, ബിഎസ്സി അഗ്രികൾച്ചർ, എംവിഎസ്സി, ബി വി എസ് സി ബിഎഎംഎസ്, ബിഎച്ച്എംഎസ്, എൽഎൽബി, എൽഎൽഎം, ഓൾ പോസ്റ്റ് ഡോക്ട്രൽ ഡിഗ്രി എന്നീ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർഥികൾക്കാണ് അർഹത. അവസാന തീയതി ഡിസംബർ 15.

## സൺറൈസ് ആശുപത്രി മറവിരോഗ നിർണ്ണയ ക്യാമ്പ് സംഘടിപ്പിക്കുന്നു

**കൊച്ചി:** കാക്കനാട് സൺറൈസ് ആശുപത്രി മറവി രോഗ നിർണയ ക്യാമ്പ് സംഘടിപ്പിക്കുന്നു. 40 വയസ്സ് കഴിഞ്ഞവർക്ക് മുൻഗണന നൽകി കൊണ്ടാണ് പദ്ധതി നടപ്പിലാക്കുന്നത്. ഡിസംബർ 10 മുതൽ 20 വരെ സൺറൈസ് ആശുപത്രിയിൽ വെച്ചാണ് രോഗ നിർണയ ക്യാമ്പ് നടക്കുന്നത്. മറവിരോഗം എങ്ങനെ കണ്ടെത്താമെന്നും പ്രാരംഭഘട്ടത്തിൽ തന്നെ ചികിത്സ നൽകേണ്ടതിന്റെ ആവശ്യകതയും കണക്കിലെടുത്താണ് ക്യാമ്പ് സംഘടിപ്പിക്കുന്നത്. ആയതിനാൽ ജനങ്ങൾക്കുള്ള മുന്നറിയിപ്പുമായാണ് സൺറൈസ് ആശുപത്രി ഇത്തരമൊരു നൂതന പദ്ധതി ആവിഷ്കരിക്കുന്നത്. സമൂഹത്തിന് വേണ്ടിയുള്ള ആരോഗ്യ പ്രവർത്തനങ്ങൾ നടത്തുന്നതിന്റെ ഭാഗമായി ആരംഭിക്കുന്ന നൂതന പദ്ധതിയാണ് ഇതെന്ന് ആശുപത്രി മാനേജിംഗ് ഡയറക്ടർ പർവീൻ ഹഫീസ് നേരത്തെ തന്നെ അറിയിച്ചിരുന്നു. സൺറൈസ് ആശുപത്രിയിലെ പ്രശസ്ത ന്യൂറോളജിസ്റ്റ് ഡോ. ഷൈമയുടെ നേതൃത്വത്തിലാണ് മറവിരോഗ നിർണയ ക്യാമ്പ് നടക്കുന്നത്. കൂടുതൽ വിവരങ്ങൾക്കും പദ്ധതിയുടെ ഭാഗമാകുന്നതിനും +919645303330 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

# ‘പോകാം പുൽക്കൂട്ടിലേക്ക്’ ക്രിസ്തുമസ് വിളംബര സന്ധ്യ

**കൊച്ചി:** എറണാകുളം സെന്ററിലെ മാർത്തോമ്മാ പള്ളികളുടെ സംയുക്ത ആഭിമുഖ്യത്തിൽ ‘പോകാം പുൽക്കൂട്ടിലേക്ക് ക്രിസ്തുമസ് വിളംബര സന്ധ്യ പാലാരിവട്ടം ഷാരോൺ മാർത്തോമ്മാ പള്ളിയിൽ വച്ച് വിപുലമായി നടത്തി

മാർത്തോമ്മാ സഭാ കോട്ടയം കൊച്ചി ഭദ്രാസന അദ്ധ്യക്ഷൻ തോമസ് മാർ തീമഥിയോസ് എപ്പിസ്കോപ്പാ ക്രിസ്തുതുമസ് സന്ദേശം നൽകി പ്രമുഖ മ്യൂസിക്ക് ഡയറക്ടർ ബിജിബാൽ വിളംബര സന്ധ്യ ഉൽഘാടനം ചെയ്തു പ്രസിഡന്റ് റവ: ജോജൻ മാത്യൂസ് ജോൺ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ വികാരി ജനറാൾമാരായ റവ പി റ്റി തോമസ് റവ ഡോ സി ഏ വർഗീസ് എന്നിവരും റവ അജു ഏബ്രഹാം ,റവ ഡോ വർഗീസ് കെ ഏബ്രഹാം എന്നിവർ പ്രസംഗിച്ചു



എറണാകുളം സെന്റർ മാർത്തോമ്മാ ഇടവകകളുടെ സംയുക്ത ആഭിമുഖ്യത്തിൽ ‘പോകാം പുൽക്കൂട്ടിലേക്ക് ‘ക്രിസ്തുമസ് വിളംബര സന്ധ്യയിൽ പാലാരിവട്ടം ഷാരോൺ ഗായക സംഘം ഗാനമാലപിക്കുന്നു

എറണാകുളം സെന്ററിലെ കാക്കനാട് ക്രിസ്തോസ് ,പാലരിവട്ടം ഷാരോൺ ,തൈങ്ങോട് ഇമ്മാനുവേൽ ,ആലുവ സെന്റ് തോമസ് ,കളമശ്ശേരി സെന്റ് തോമസ് ,ഏലൂർ സെന്റ് തോമസ് ,എളംകുളം ജറുശലേം,വാഴക്കുളം എമ്പനേസർ ഫോർട്ട് കൊച്ചി സെന്റ് ജോർജ്ജ് തിരുവാങ്കുളം ഇമ്മാനുവേൽ ,ആലുവ സെന്റ് പീറ്റേഴ്സ് ,എറണാകുളം ശാലേം,ക്ലർജി ഫാമിലി എന്നീ ഗായക സംഘങ്ങളുടെ ഗാനാലാചനത്തിന് പുറമേ സൺഡേ സ്കൂൾ കുട്ടികളുടേയും യുവാക്കളുടേയും കലാപരിപാടികളും നടത്തി

# പുതുതലമുറയിലെ കുട്ടികൾ കമ്പ്യൂട്ടറുകളോടും യുദ്ധം ചെയ്യേണ്ടി വരും. ഡോ.വി.പി.ജോയ്

**കൊച്ചി:** വരും കാലഘട്ടത്തിൽ കുട്ടികൾ രക്ഷിതാക്കളോട് മാത്രമല്ല കമ്പ്യൂട്ടറുകളോടും യുദ്ധം ചെയ്യേണ്ടി വരും. അത് മനസ്സിലാക്കി രക്ഷകർത്താക്കൾ ആദ്യം പരിചയപ്പെടുത്തേണ്ടത് പുസ്തകങ്ങളെയാണ്. ഇപ്പോൾ ചെയ്യുന്നത് പോലെ മൊബൈൽ ഫോണുകളെയല്ല പ്രാഥമികമായി പരിഗണിക്കേണ്ടത് എന്ന്

ഞായറാഴ്ച ഉച്ചക്ക് 3 നു നടന്ന കുട്ടികളുടെ പുസ്തകോത്സവ, വർണ്ണോത്സവ സമ്മാനദാന ചടങ്ങ് ഉദ്ഘാടനം ചെയ്തുകൊണ്ട് ഡോ. വി.പി.ജോയ് ഐ.എ.എസ് അഭിപ്രായപ്പെട്ടു. കുഞ്ഞുണ്ണി മാഷിന്റെ വായിച്ചാൽ വളരും, വായിച്ചില്ലെങ്കിൽ വളയും എന്ന വിഖ്യാതമായ പ്രയോഗവും ഓർമ്മിപ്പിക്കപ്പെട്ടു.

അറിഞ്ഞുള്ള വായന കുട്ടികളിൽ മാനുഷിക മൂല്യത്തിന്റെ മഹത്വത്തെ കുടിയിരുത്തും. സാമൂഹ്യ അവബോധമുള്ള തലമുറയെ വാർത്തെടുക്കാൻ പുസ്തക വായന അനിവാര്യമാണ് എന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

വായനയെ ജീവിത ചര്യയുടെ ഒരു ഭാഗമാക്കണമെന്നും, വായന എന്നുള്ളത് ഈശ്വരാരാധനയ്ക്ക് തുല്യമായ ഒരു കർമ്മമാണെന്നും, മാനവ സേവയുടെ ഭാഗമാണെന്നും ഡോ.സരോജ ഥാപ്പ കുട്ടികൾക്കുള്ള സമ്മാനങ്ങൾ വിതരണം ചെയ്തു കൊണ്ട് പറഞ്ഞു. അഡ്വ.ടി.പി.എം ഇബ്രാഹിം ഖാൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ മികച്ച പ്രസാധകനുള്ള പുരസ്ക്കാരം കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന് വേണ്ടി ഡയറക്ടർ ഡോ. എം.സത്യൻ ഏറ്റു വാങ്ങി. ജി.ബി.ഹരീന്ദ്രനാഥ് രചിച്ച യേശുദാസസാഗര സംഗീതം എന്നതിനാണ് പുരസ്കാരം ലഭിച്ചത്. ചടങ്ങിൽ യശോദ ഷേണായി, പി.ബി.രഞ്ജിത്ത്, ലിജി ഭരത്ത് എന്നിവർ പങ്കെടുത്തു സംസാരിച്ചു.




2024 ജൂൺ 19 മുതൽ കേരളത്തിലെ വിവിധ വിദ്യാലയങ്ങളിൽ വച്ചു നടത്തിയ കുട്ടികളുടെ പുസ്തകോത്സവത്തിന്റെയും, ചിത്ര രചനാ മത്സരങ്ങളുടെയും, സാഹിത്യ രചനാ മത്സരങ്ങളിലെ വിജയികൾക്ക് ക്യാഷ് പ്രൈസും, ഫലകവും സമ്മാനിച്ചു.

രാവിലെ 10 മണിക്ക് സിൽക്ക ജോസഫ് നടത്തിയ സ്വീറ്റ് മലീഡ എന്ന പുസ്തക ചർച്ചയും, 11 മണിക്ക് പ്രക്ഷേപണ സാഹിത്യത്തിൽ വി.എം. രാജ്മോഹൻ, ഡി. പ്രദീപ്കുമാർ, ഹേമലത എന്നിവരും, 12 മണിക്ക് കേരള രാഷ്ട്രീയത്തിലെ സ്ത്രീ നായകത്വം ഇന്നലെ ഇന്ന് എന്ന വിഷയത്തിൽ യു.പ്രതിഭ എം.എൽ.എ, അഡ്വ.ഒ.എം.ശാലിന, അഡ്വ. ദീപ്തി മേരി വർഗ്ഗീസ് എന്നിവർ പങ്കെടുത്തു സംസാരിച്ചു.

ഉച്ചക്ക് 1:30 ന് ഉറക്കപ്പിശാച് എന്ന മനോരമ ബുക്ക്സിന്റെ പുസ്തക ചർച്ച എസ്.പി.ശരത്ത്, നിമ്മി അബ്രഹാം എന്നിവർ ചേർന്ന് നടത്തി. 2 ന് കുട്ടികളിലെ കാർട്ടൂൺ സാഹിത്യത്തിൽ റൂം ടു റീഡ് ഇന്ത്യ എന്ന സെമിനാർ നടന്നു.

തുടർന്ന് ഡിസിസി പ്രസിഡന്റ് മൊഹമ്മദ് ഷിയാസ് വായനാ സന്ദേശം നൽകി. വൈകീട്ട് 4:30 ന് നമുക്ക് ചിരിച്ച് പിരിയാം എന്ന വിഷയത്തിൽ ഡോ.ഗോപിനാഥ് പനങ്ങാട് സെമിനാർ നടത്തി.

200ഓളം പുസ്തക പ്രസാധകർ പങ്കെടുത്ത എറണാകുളത്തപ്പൻ ക്ഷേത്രമൈതാനിയിൽ കഴിഞ്ഞ 10 ദിവസങ്ങളിലായി നടന്നു വന്ന 27 ആമത് കൊച്ചി അന്താരാഷ്ട്ര പുസ്തകോത്സവം ഇന്നലെ വൈകിട്ട് 6 മണിയോടെ കൊടിയിറങ്ങി.

പ്രവേശനം സൗജന്യമായിരുന്ന പുസ്തകോത്സവത്തിൽ ഒട്ടനവധി ചർച്ചകളും, പുസ്തക പ്രകാശനങ്ങളും കഴിഞ്ഞ ദിവസങ്ങളിലായി നടന്നു

# തൊടുപുഴയിൽ പുതിയ കേന്ദ്രീയ വിദ്യാലയത്തിന് അനുമതി

**മൂവാറ്റുപുഴ:** തൊടുപുഴയിൽ പുതിയ കേന്ദ്രീയ വിദ്യാലയത്തിന് കേന്ദ്ര സർക്കാർ അനുമതി. കേന്ദ്ര സർക്കാർ അനുവദിച്ച 85 വിദ്യാലയങ്ങളിൽ കേരളത്തിലെ ഏക കേന്ദ്രീയ വിദ്യാലയം തൊടുപുഴയിലാണ്. തൊടുപുഴ മ്രാലയിലാണ് പുതിയ കേന്ദ്രീയ വിദ്യാലയം ആരംഭിക്കുന്നത്. ഇവിടെ എട്ട് ഏക്കർ സ്ഥലം കണ്ടെത്തിയിട്ടുണ്ട്.

പുതിയ കെട്ടിട നിർമാണം പൂർത്തീകരിക്കുന്നത് വരെ താൽക്കാലിക സംവിധാനത്തിലായിരിക്കും തുടക്കത്തിൽ പ്രവർത്തിക്കുന്നത്. ഇതിനായി തൊടുപുഴ വോക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിൽ അധിക ക്ലാസ് മുറികളും മറ്റു താത്കാലിക സൗകര്യങ്ങളും സജ്ജീകരിക്കും. മൂന്നിലധികം ക്ലാസ് മുറികൾ, അധ്യാപകർക്കും വിദ്യാർഥികൾക്കും പ്രത്യേകം ശുചിമുറികൾ, ക്ലാസ് മുറികളെ വേർതിരിക്കുന്ന താൽക്കാലിക സംവിധാനങ്ങളും ഒരുക്കും. ഇവിടെ കേന്ദ്രീയ വിദ്യാലയ സംഘതൻ മാനദണ്ഡ പ്രകാരം അഗ്നിസുരക്ഷ സജ്ജീകരണങ്ങളും ഒരുക്കേണ്ടി വരും. രാജ്യാന്തര നിലവാരത്തിൽ ആധുനിക സൗകര്യങ്ങളോടെയാകും മ്രാലയിൽ പുതിയ കെട്ടിടം നിർമിക്കുന്നത്.

# കാർഷിക ഫാമുകളുടെ പ്രവർത്തനം മാതൃകാപരം: മന്ത്രി പി. പ്രസാദ്

**കോതമംഗലം :** കേരളത്തിലെ കാർഷിക ഫാമുകളുടെ പ്രവർത്തനങ്ങൾ ഏറെ മാതൃകാപരമാണെന്ന് മന്ത്രി പി. പ്രസാദ്. ജില്ലാ പഞ്ചായത്തിൻറെ നേതൃത്വത്തിൽ കാഷിക വികസന കർഷക ക്ഷേമ വകുപ്പിൻറെ സഹകരണത്തോടെ സംഘടിപ്പിച്ച നേര്യമംഗലം ഫാം ഫെസ്റ്റ് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. ഫാമുകളെ പൊതുജന സൗഹൃദമാക്കാനുള്ള ശ്രമങ്ങൾ നടന്നു വരികയാണെന്നും മന്ത്രി കൂട്ടിച്ചേർത്തു. ആൻറണി ജോൺ എംഎൽഎ അധ്യക്ഷത വഹിച്ചു.

ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് മനോജ് മൂത്തേടൻ, കൃഷി അഡീഷണൽ ഡയറക്ടർ തോമസ് സാമുവൽ, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡൻറ് എൽസി ജോർജ്, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് പി.എം.എ ബഷീർ, പഞ്ചായത്ത് പ്രസിഡൻറുമാരായ സിബി മാത്യു, മാമച്ചൻ ജോസഫ്, പി.കെ ചന്ദ്രശേഖരൻ നായർ, ജില്ലാ പഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷരായ സനിത റഹിം, ആശ സനിൽ, എം.ജെ ജോമി, ജില്ലാ പഞ്ചായത്തംഗങ്ങളായ ഉല്ലാസ് തോമസ്, കെ.കെ ദാനി, റാണിക്കുട്ടി ജോർജ്, റഷീദ സലീം, എ.എസ് അനിൽകുമാർ, ശാരദ മോഹൻ, കൃഷി ഓഫീസർ ബിജിമോൾ കെ. ബേബി, കൃഷി ഡപ്യൂട്ടി ഡയറക്ടർ ടി.ഒ. ദീപ, ഫാം സൂപ്രണ്ട് ജാസ്മിൻ തോമസ്, മറ്റ് ത്രിതല പഞ്ചായത്ത് ജനപ്രതിനിധികൾ, സഹകരണ ബാങ്ക് പ്രസിഡൻറുമാർ, വിവിധ രാഷ്ട്രീയ കക്ഷി നേതാക്കൾ, ഫാം കൗൺസിൽ അംഗങ്ങൾ എന്നിവർ പ്രസംഗിച്ചു.

നാല് ദിവസം നീണ്ട് നിൽക്കുന്ന ഫെസ്റ്റ് ഒന്പതിന് സമാപിക്കും. ഫെസ്റ്റിൽ പൊതുജനങ്ങൾക്കും സ്കൂൾ വിദ്യാർഥികൾക്കും രാവിലെ ഒന്പത് മുതൽ വൈകുന്നേരം ആറ് വരെയാണ് പ്രവേശനം. ദിവസവും വിവിധ കലാപരിപാടികളും ഒരുക്കിയിട്ടുണ്ട്.

# സുവോളജിക്കൽപാർക്ക് ജൂണിൽ തുറക്കും

**പുത്തൂർ:** അന്താരാഷ്ട്ര നിലവാരത്തിലൊരുങ്ങുന്ന തൃശൂർ സുവോളജിക്കൽപാർക്ക് ജൂൺ മാസത്തോടെ പൂർണമായും പൊതുജനങ്ങൾക്ക് തുറന്നുകൊടുക്കുമെന്ന് മന്ത്രിമാരായ കെ. രാജനും എ.കെ. ശശീന്ദ്രനും അറിയിച്ചു.

നിർമാണപ്രവർത്തനങ്ങൾ പുരോഗമിക്കുന്ന സുവോളജിക്കൽപാർക്ക് സന്ദർശിച്ചശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു ഇരുവരും. ആറുഘട്ടങ്ങളിലായാണ് നിർമാണപ്രവർത്തനങ്ങൾ ആസൂത്രണംചെയ്തിരിക്കുന്നത്. ഓരോ ആഴ്ചയും നടക്കേണ്ട നിർമാണപ്രവർത്തനങ്ങളെക്കുറിച്ച് പ്രത്യേകം ഷെഡ്യൂൾ തയാറാക്കാനും മാസത്തിൽ ഒരുതവണ സ്ഥലം എംഎൽഎ കൂടിയായ റവന്യൂമന്ത്രിയുടെ സാന്നിധ്യത്തിൽ അവലോകനയോഗം നടത്താനും നിർദേശിച്ചതായി വനംമന്ത്രി എ.കെ. ശശീന്ദ്രൻ പറഞ്ഞു.

സുവോളജിക്കൽപാർക്ക് തുറക്കുന്നതിന് അമിതമായ തിടുക്കമോ, ആർഭാടമോ ഉണ്ടാകില്ലെന്ന് മന്ത്രി കെ. രാജൻ വ്യക്തമാക്കി. പാർക്ക് തുറക്കുന്നതിൽ കാലതാമസം വരുന്നതായി വാർത്തകളുണ്ട്.

എന്നാൽ, ഇവിടെ കൊണ്ടുവരുന്ന പക്ഷിമൃഗാദികൾക്ക് സുരക്ഷിതമായി തങ്ങാനാവുന്ന ആവാസവ്യവസ്ഥകൾ തയാറാക്കുന്നതിലാണ് കൂടുതൽശ്രദ്ധയെന്നും മന്ത്രി പറഞ്ഞു.




# കാർഷിക സർവകലാശാലയുടെ പുതിയ വിളയിനങ്ങൾ

അത്യുൽപാദനശേഷിയുള്ള പുതിയ വിളയിനങ്ങൾ കേരള കാർഷിക സർവകലാശാല പുറത്തിറക്കി. മികച്ച ഉൽപാദനക്ഷമതയും രോഗപ്രതിരോധശേഷിയുമുള്ള പുതിയ ഇനങ്ങൾ വാണിജ്യക്കൃഷിക്ക് യോജിച്ചവയാണ്. നെല്ല് (2 ഇനം), പാവൽ (2 ഹൈബ്രിഡ് ഇനങ്ങൾ, പയർ (2 വൻപയറിനം), കൊക്കോ (6 ഇനം), തെങ്ങ് (2 ഇനം), തീറ്റപ്പുല്ല് എന്നിവയാണ് അവതരിപ്പിച്ചത്.

**കെഎയു ആദ്യ എംഒ 24**

മങ്കൊമ്പ് എം.എസ്.സ്വാമിനാഥൻ നെല്ല് ഗവേഷണ കേന്ദ്രത്തിൽനിന്നു വികസിപ്പിച്ചെടുത്ത ആദ്യത്തെ വെള്ള അരിയുള്ള നെല്ലിനമാണ് കെഎയു ആദ്യ (എംഒ24). കേരളത്തിൽ ഏറ്റവും പ്രചാരമുള്ള നെല്ലിനമായ ഉമയും നാടൻ നെല്ലിനമായ തവളക്കണ്ണനും തമ്മിൽ സങ്കരണം നടത്തി വികസിപ്പിച്ചെടുത്ത ഈ നെല്ലിനം ഇടത്തരം പൊക്കമുള്ളതും സാമാന്യം ചിനപ്പുകൾ പൊട്ടുന്നതും ഋതുബന്ധ സ്വഭാവമില്ലാത്തതും മറിഞ്ഞു വീഴാത്തതുമാണ്. ഉയർന്ന ഉൽപാദനശേഷിയും മധ്യകാല മൂപ്പുമുള്ളതുമായ 'ആദ്യ'യുടെ നെന്മണി ചെറുതും ഉരുണ്ടതും അരിയുടെ നിറം വെള്ളയുമാണ്. ഈ ഇനത്തിന് ഒരാഴ്ച വരെ സുഷുപ്താവസ്ഥയുണ്ട്. 125130 ദിവസം മൂപ്പുള്ള ഈ ഇനത്തിന് ഹെക്ടറിന് 6500,7000 കിലോ വിളവ് തരാൻ കഴിയും. വളർച്ചയുടെ ആദ്യ ഘട്ടങ്ങളിൽ വെള്ളപ്പൊക്കത്തെ ചെറുത്തു നിൽക്കാൻ കഴിവുള്ള ഈ ഇനം കാലാവസ്ഥ വ്യതിയാനത്തിന്റെ സാഹചര്യത്തിലും കർഷകർക്ക് മികച്ച വിളവ് ഉറപ്പു നൽകുന്നു. നെല്ലിലെ പ്രധാന രോഗകീടങ്ങൾക്കെതിരെ പ്രതിരോധ ശേഷി പ്രകടിപ്പിക്കുന്ന 'ആദ്യ' ഉമയേക്കാൾ പാചകഗുണമുള്ളതും അരി ഉതിർച്ചയുള്ളതുമാണ്.

**കെഎയു പുണ്യ എംഒ 25**

മങ്കൊമ്പ് എം.എസ്.സ്വാമിനാഥൻ നെല്ല് ഗവേഷണ കേന്ദ്രത്തിൽനിന്നു വികസിപ്പിച്ചെടുത്ത ചുവന്ന അരിയുള്ള ഹ്രസ്വകാല നെല്ലിനമാണ് കെഎയു പുണ്യ (എംഒ 25). 110 ദിവസം മൂപ്പുള്ള ഈ ഇനത്തിന് ഹെക്ടറിന് 5000,5500 കിലോ വിളവ് തരാൻ കഴിവുണ്ട്. കേരളത്തിൽ ഏറ്റവും അധികം കൃഷി ചെയ്യുന്ന നെല്ലിനങ്ങളായ ഉമയും ജ്യോതിയും തമ്മിൽ സങ്കരണം നടത്തി വികസിപ്പിച്ചെടുത്ത ഇനമാണ് പുണ്യ. ഇടത്തരം പൊക്കമുള്ള ഈ നെല്ലിനം ഋതു ബന്ധ സ്വഭാവമില്ലാത്തതും മറിഞ്ഞു വീഴാത്തതുമാണ്. നീണ്ടുരുണ്ട ദൃഢതയുള്ള ചുവന്ന അരിയോട് കൂടിയ നെന്മണികളുള്ള ഈ ഇനത്തിന് രണ്ടാഴ്ച വരെ സുഷുപ്താവസ്ഥയുണ്ട്. നെല്ലിനെ ബാധിക്കുന്ന പ്രധാന രോഗകീടങ്ങളായ അവിച്ചിൽ, പുള്ളിക്കുത്ത്, മുഞ്ഞ, തണ്ടുതുരപ്പൻ എന്നിവയ്ക്കെതിരെ സാമാന്യ പ്രതിരോധ ശേഷി ഈ ഇനം പ്രകടിപ്പിക്കുന്നുണ്ട്. ഉമയേയും ജ്യോതിയേയും അപേക്ഷിച്ച് ഉയർന്ന അരി ഉതിർച്ചയും നല്ല രുചിയും പാചകഗുണവും ഈ ഇനത്തിന്റെ പ്രതേകതയാണ്.

**വൻപയർ ഇനം: കെഎയു ശ്രീനന്ദ (പിടിബിസിപി 3)**

രണ്ടാംവിളയ്ക്കും (റാബി) രണ്ടാംവിള കഴിഞ്ഞശേഷം നെൽപ്പാടങ്ങളിലും കൃഷിചെയ്യാൻ അനുയോജ്യമായ വൻപയറിനമാണ് കെഎയു ശ്രീനന്ദ. ഈ ഇനം രണ്ടാംവിള കാലത്ത് 4045 ദിവസംകൊണ്ട് പൂക്കുകയും, 6065 ദിവസംകൊണ്ട് മൂപ്പെത്തുകയും ചെയ്യുന്നു. വേനൽ കാലത്ത് 3035 ദിവസംകൊണ്ട് പൂക്കുകയും 5055 ദിവസം കൊണ്ട് മൂപ്പെത്തുകയും ചെയ്യുന്നു. ഈ ഇനം ഒരുമിച്ച് പൂക്കുകയും മൂപ്പെത്തുകയും ചെയ്യുന്നതിനാൽ ഒറ്റത്തവണകൊണ്ട് വിളവെടുപ്പ് തീർക്കാം. വെളുത്ത മണികളോടുകൂടിയ ഈ ഇനം ഹെക്ടറിന് 1.2 ടൺ വരെ വിളവ് ലഭിക്കുന്നു. വേരു ചീയൽ രോഗത്തിനെതിരെ പ്രതിരോധശേഷിയുള്ള ഇനമാണ്. ഉയർന്ന അളവിൽ മാംസ്യവും (24.64 ശതമാനം), കുറഞ്ഞ അളവിൽ ടാനിനും കൊഴുപ്പും(2.28 ശതമാനം) അടങ്ങിയ ഈയിനത്തിന് ദഹനക്ഷമത കൂടുതലാണ്.

**വൻപയർ ഇനം: കെഎയു അപൂർവ (പിടിബിസിപി 4)**

പയറുവർഗ വിളകളിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് വൻപയർ. കേരളത്തിലെ കാലാവസ്ഥയ്ക്കും പരിസ്ഥിതിക്കും അനുയോജ്യമായ രീതിയിൽ അഖിലേന്ത്യാ ഏകോപിത പയറുവർഗവിള ഗവേഷണ പദ്ധതിയിലൂടെ വികസിപ്പിച്ചെടുത്ത ഉൽപാദനക്ഷമത കൂടിയ വൻപയർ ഇനമാണ് കെഎയു അപൂർവ. ഹെക്ടർ ഒന്നിന് 1800 2100 കിലോ വിളവ് നൽകുന്ന ഇനമാണിത്. കടുംചുവപ്പ് കലർന്ന തവിട്ടു നിറമുള്ള വിത്തുകളോടുകൂടിയ ഈ കുറ്റിപ്പയറിന് വേരു ചീയലിനെതിരേ പ്രതോരോധശേഷിയുമുള്ളതാണ്. ഈ ഇനം 45 50 ദിവസത്തിനുള്ളിൽ പൂവിടും തുടർന്ന് 7072 ദിവസത്തിനുള്ളിൽ മൂപ്പെത്തുകയും ചെയ്യുന്നു.

ഉയർന്ന അളവിൽ പ്രോട്ടീനും (24 ശതമാനം) ആന്തോസയാനിനും (2.32 ാഴ/ഴ), കുറഞ്ഞ അളവിൽ ടാനിനും (0 .71 ാഴ/ഴ) അടങ്ങിയിട്ടുള്ള ഈ ഇനം പോഷകസമൃദ്ധവും കർഷകർക്കും ഉപഭോക്താക്കൾക്കും ഒരുപോലെ ആകർഷകവുമാണ്.

നെൽപ്പാടങ്ങളിൽ രണ്ടാംവിളയ്ക്ക് കൃഷിചെയ്യാവുന്ന ഈ വൻപയറിനം ഏകവിളയായും, തെങ്ങിന്റെയും കവുങ്ങിന്റെയും ഇടവിളയായും കൃഷിചെയ്യാൻ അനുയോജ്യമാണ്. ഉയർന്ന വിളവും, രോഗപ്രതിരോധശേഷിയും പോഷകസമൃദ്ധവുമായ ഈ ഇനം കേരളത്തിന്റെ വൈവിധ്യമാർന്ന കാർഷിക സാഹചര്യത്തിനു വളരെ അനുയോജ്യമായ ഒന്നാണ്. സുസ്ഥിരവും ലാഭകരവുമായ കൃഷികളിൽ കേരളം ശ്രദ്ധ കേന്ദ്രീകരിക്കുമ്പോൾ, സംസ്ഥാനത്തിന്റെ ഉൽപാദനക്ഷമതയും, പോഷക സുരക്ഷയും വർധിപ്പിക്കുന്നതിൽ സുപ്രധാന പങ്കുവഹിക്കാൻ ശേഷിയുള്ള ഇനമാണ് കെഎയു അപൂർവ.

**പാവലിലെ ഹൈബ്രിഡുകൾ**

22.4 സെ.മീ. നീളമുള്ള പച്ച കായ്കൾ, ശരാശരി തൂക്കം 197 ഗ്രാം, ഒരു ചെടിയിലെ ശരാശരി കായ്കളുടെ എണ്ണം 48, ഒരു ചെടിയിൽനിന്നുമുള്ള ശരാശരി വിളവ് 7.9 കിലോ, ഒരു ഹെക്ടറിൽനിന്നുമുള്ള ശരാശരി വിളവ് 30.8 ടൺ.

**പ്രഗതി**

23.2 സെ.മീ. നീളമുള്ള പച്ച കായ്കൾ, ശരാശരി തൂക്കം 205 ഗ്രാം, ഒരു ചെടിയിലെ ശരാശരി കായ്കളുടെ എണ്ണം 42, ഒരു ചെടിയിൽ നിന്നുമുള്ള ശരാശരി വിളവ് 8.1 കിലോ, ഒരു ഹെക്ടറിൽ നിന്നുമുള്ള ശരാശരി വിളവ് 37.3 ടൺ.

**കൊക്കൊയിലെ ഹൈബ്രിഡുകൾ**

ഒരു മരത്തിൽനിന്ന് ശരാശരി 136.53 കായ്കൾ (ഒരു വർഷം). ശരാശരി 22.23 കിലോ പച്ചക്കുരുവാണ് ഉൽപാദനം. 53.08% കൊക്കൊ വെണ്ണയും 6.33% പോളിഫിനോളുമുണ്ട്. വാസ്ക്കുലാർ കൊമ്പുണക്കത്തിനും കറുത്ത കായ് രോഗത്തിനും തേയില കൊതുകുകൾക്കും വരൾച്ചയ്ക്കും എതിരേ പ്രതിരോധശേഷിയുണ്ട്.

**സിസിആർപി 17**

ഒരു മരത്തിൽനിന്ന് ഒരു വർഷം ശരാശരി 115.43 കായ്കൾ. ശരാശരി 17.44 കിലോ പച്ചക്കുരുവാണ് ഉൽപാദനം. 51.59 % കൊക്കോ വെണ്ണയും 9.36 % പോളിഫിനോളുമുണ്ട്. വാസ്ക്കുലാർ കൊമ്പുണക്കത്തിനും കറുത്ത കായ് രോഗത്തിനും തേയില കൊതുകുകൾക്കും എതിരേ പ്രതിരോധശേഷിയുണ്ട്.

**സിസിആർപി 18**

ഒരു മരത്തിൽനിന്ന് വർഷം ശരാശരി 128 കായ്കൾ. ശരാശരി 20.19 കിലോ പച്ചക്കുരു ഉൽപാദനം. 56.85% കൊക്കോ വെണ്ണയും 8.01 % പോളിഫിനോളുമുണ്ട്. വാസ്ക്കുലാർ കൊമ്പുണക്കത്തിനും കറുത്ത കായ് രോഗത്തിനും വരൾച്ചയ്ക്കുമെതിരേ പ്രതിരോധശേഷിയുണ്ട്.

**സിസിആർപി 19**

ഒരു മരത്തിൽനിന്ന് വർഷം ശരാശരി 114.87 കായ്കൾ. ശരാശരി 14.03 കിലോ പച്ചക്കുരു ഉൽപാദനം. 54.86 % കൊക്കോ വെണ്ണയും 6.49 % പോളിഫിനോളുമുണ്ട്. വാസ്ക്കുലാർ കൊമ്പുണക്കത്തിനും തേയില കൊതുകുകൾക്കും വരൾച്ചയ്ക്കുമെതിരേ പ്രതിരോധശേഷിയുണ്ട്. കറുത്ത കായ് രോഗത്തിനെതിരേ ചെറിയ തോതിലുള്ള പ്രതിരോധശേഷി.

**സിസിആർപി 20**

ഒരു മരത്തിൽനിന്ന് വർഷം ശരാശരി 118.63 കായ്കൾ. ശരാശരി 12.49 കിലോ പച്ചക്കുരു ഉൽപാദനം. 55.26% കൊക്കോ വെണ്ണയും 7.92 % പോളിഫിനോളുമുണ്ട്. വാസ്ക്കുലാർ കൊമ്പുണക്കത്തിനും കറുത്ത കായ് രോഗത്തിനും തേയില കൊതുകുകൾക്കും വരൾച്ചയ്ക്കുമെതിരേ പ്രതിരോധശേഷിയുണ്ട്.

**സിസിആർപി 21**

ഒരു മരത്തിൽനിന്ന് വർഷം ശരാശരി 113.77 കായ്കൾ. ശരാശരി 17.51 കിലോ പച്ചക്കുരു ഉൽപാദനം. 56.61 % കൊക്കോ വെണ്ണയും 5.82 % പോളിഫിനോളുമുണ്ട്. വാസ്ക്കുലാർ കൊമ്പുണക്കത്തിനും കറുത്ത കായ് രോഗത്തിനും തേയില കൊതുകുകൾക്കും വരൾച്ചയ്ക്കുമെതിരേ പ്രതിരോധശേഷിയുണ്ട്

മേൽപറഞ്ഞ കൊക്കൊ ഇനങ്ങൾ എല്ലാം തന്നെ വാസ്ക്കുലാർ കൊമ്പുണക്കത്തിനും കറുത്ത കായ് രോഗത്തിനും തേയില കൊതുകിനും വരൾച്ചക്കുമെതിരേ പലതലത്തിലുള്ള പ്രതിരോധശേഷിയുള്ളവയാണ്. മാറി വരുന്ന കാലാവസ്ഥയ്ക്കും രോഗകീടങ്ങളെ പ്രതിരോധിക്കുന്നതിനും ഇവ അനുയോജ്യമാണ്. ഈ ഇനങ്ങൾ കൂട്ടിക്കലർത്തി പോളിക്ലോണൽ തോട്ടം വച്ചുപിടിപ്പിച്ച് അതിൽനിന്നുള്ള ഹൈബ്രിഡ് തൈകൾ കർഷകർക്ക് വിതരണം ചെയ്യാവുന്നതാണ്.

**സുപർണ്ണ**

കേരളത്തിലെ ഉയർന്ന പ്രദേശങ്ങൾക്കും പുരയിടകൃഷിക്കും അനുയോജ്യമായ, ഉയർന്ന വിളവ് നൽകുന്ന ഗിനിപ്പുല്ലിനമാണ് കെഎയു സുപർണ. വർഷത്തിൽ ഒരു ഹെക്ടറിൽ നിന്ന് 250 290 ടൺ പച്ചപ്പുല്ല് വിളവ് ലഭിക്കുമെന്നത് ഈ ഇനത്തിന്റെ പ്രധാന സവിശേഷത. ഇവയിൽ 13.5 ശതമാനം മാംസ്യവും 22 ശതമാനം നാരും അടങ്ങിയിരിക്കുന്നു. കൂടാതെ, സുപർണയിലെ ഓക്സലേറ്റിന്റെ അളവ് സുരക്ഷിതമായ പരിധിക്കുള്ളിൽ തന്നെ നിലകൊള്ളുന്നു. ഗിബ്ബർലിക് ആസിഡിന്റെ അളവ് കുറവായതിനാൽ സുപർണ വൈകി പൂവിടുന്നതായി കാണിക്കുന്നു. തണലിൽ നന്നായി വളരുമെന്നതിനാൽ തെങ്ങിൻ തോപ്പിൽ ഇടവിളയായും വളർത്തിയെടുക്കാം. കീടങ്ങളും രോഗങ്ങളും അധികം ബാധിക്കാറില്ലാത്ത ഇവ വളപ്രയോഗത്തോട് നന്നായി പ്രതികരിക്കുന്നവയാണ്.

**തെങ്ങ്, കേര സഹസ്ര**

രണ്ടു നെടിയ ഇനങ്ങൾ തമ്മിൽ ക്രോസ്സ് ചെയ്ത് ഉണ്ടാക്കിയതായതിനാൽ ടി ഃ ടി എന്ന സങ്കരയിനമാണ് കേര സഹസ്ര. സാധാരണ ടി ഃ ഡി സങ്കരയിനങ്ങളെപ്പോലെ തന്നെ നട്ട് ആറാം വർഷത്തിൽ തന്നെ കായ്ച്ചു തുടങ്ങുന്നു. അനുകൂല കാലാവസ്ഥയിൽ ശരാശരി 130 നാളികേരവും 2022 വർഷത്തിൽ 154 നാളികേരവും ഒരു തെങ്ങിൽനിന്ന് ലഭിച്ചു. 30 വർഷം പ്രായമായ തെങ്ങിന് ശരാശരി 8.6 മീറ്റർ ഉയരമുണ്ട്. ശരാശരി 1.2 കിലോ തൂക്കം വരുന്ന വലുപ്പമുള്ള തേങ്ങ (പൊതിച്ച തേങ്ങ 624 ഗ്രാം), കട്ടിയുള്ള കാമ്പ് (1.26 സെ.മീ.), ഒരു തേങ്ങയിൽ നിന്ന് 193 ഗ്രാം കൊപ്ര, 65 ശതമാനം വെളിച്ചെണ്ണ എന്നിവയാണ് മറ്റു ഗുണങ്ങൾ. കൂടാതെ 100 ഗ്രാം വെളിച്ചെണ്ണയിൽ 147 മില്ലി ഗ്രാം ആരോഗ്യപ്രധാനമായ പോളിഫിനോളുകൾ ഉണ്ടെന്നും കണ്ടെത്തി. പോളിഫിനോൾ അടങ്ങിയ ഭക്ഷണപദാർഥങ്ങൾ പ്രതിരോധ ശേഷി നൽകുന്നവയാണ്.

**അന്നൂർ ഇപ്രൂവ്ഡ് ഡ്വാർഫ്**

സാധാരണ കുള്ളൻ തെങ്ങുകളേക്കാൾ തെങ്ങിന്റെ കട ഭാഗത്തു നെടിയ ഇനങ്ങളെ പോലെ വണ്ണം കൂടുതലാണ്. അനുകൂല കാലാവസ്ഥയിൽ ശരാശരി 105 നാളികേരവും 2022 വർഷത്തിൽ 132 നാളികേരവും ഒരു തെങ്ങിൽനിന്ന് ലഭിച്ചു. പശ്ചിമ തീര നെടിയ ഇനത്തിന്റെ തേങ്ങയേക്കാൾ കാഴ്ചയിൽ അൽപം ചെറിയ തേങ്ങയാണെങ്കിലും ശരാശരി 938 ഗ്രാം തൂക്കം വരുന്ന തേങ്ങ (പൊതിച്ച തേങ്ങ 511 ഗ്രാം), 1.1 സെ.മീ. കട്ടിയുള്ള കാമ്പ്, ഒരു തേങ്ങയിൽനിന്ന് 126 ഗ്രാം കൊപ്ര (പരമാവധി162 ഗ്രാം), 67 ശതമാനം വെളിച്ചെണ്ണ എന്നിവയാണ് മറ്റു ഗുണങ്ങൾ. കൂടാതെ 100 ഗ്രാം വെളിച്ചെണ്ണയിൽ 172 മില്ലി ഗ്രാം ആരോഗ്യപ്രധാനമായ പോളിഫിനോളുകൾ ഉണ്ടെന്നും കണ്ടെത്തി.

സൊസൈറ്റി ടുഡേ
SOCIETY TODAY

# സീപോർട്ട് എയർപോർട്ട് റോഡ്: മാർച്ച് 15നുള്ളിൽ സ്ഥലം ഏറ്റെടുക്കൽ പൂർത്തിയാക്കുമെന്ന് മന്ത്രി

**കളമശേരി :** സീപോർട്ട് എയർപോർട്ട് റോഡ് രണ്ടാം ഘട്ട നിർമാണത്തിലുണ്ടായിരുന്ന തടസ്സങ്ങൾ പൂർണമായി പരിഹരിച്ചെന്നും സമയബന്ധിതമായി നിർമാണം പൂർത്തിയാക്കുമെന്നും മന്ത്രി പി. രാജീവ് അറിയിച്ചു. മാർച്ച് 15 നുള്ളിൽ സ്ഥലം ഏറ്റെടുക്കൽ പൂർത്തിയാക്കും. എയർപോർട്ട് വരെ അവസാന ഘട്ടം പൂർത്തിയാക്കാൻ സ്ഥലം ഏറ്റെടുക്കലിന് 210 കോടി രൂപ ചെലവഴിക്കുമെന്നും മന്ത്രി പറഞ്ഞു. കിഫ്ബി അനുവദിച്ച 569.34 കോടി രൂപ നോഡൽ ഏജൻസിയായ ആർബിഡിസികെ റവന്യു വകുപ്പിനു കൈമാറി. വിജ്ഞാപനം പുറപ്പെടുവിക്കാനുള്ള നടപടികൾ ഉടൻ ആരംഭിക്കും. സ്ഥലമുടമകളുടെ ഹിയറിങ്ങിനുള്ള നടപടികളും സമയബന്ധിതമായി പൂർത്തിയാക്കും.

തടസ്സങ്ങൾ പരിഹരിച്ചതിനെത്തുടർന്ന് എച്ച്എംടിയുടെ ഭൂമി ലഭിക്കുന്നതിനായി കെട്ടിവയ്ക്കേണ്ട 18.77കോടി രൂപ നവംബർ 22 ന് സർക്കാർ അനുവദിച്ചു. രണ്ടാം ഘട്ട നി4മാണത്തിനായി എച്ച്എംടിയുടെ 1.6352 ഹെക്ട4 ഭൂമിയാണ് ഏറ്റെടുക്കേണ്ടത്. എൻഎഡിയുടെ ഭൂമി ലഭിക്കുന്നതിനുള്ള 23 കോടി രൂപയും ഉടൻ അനുവദിക്കുമെന്ന് മന്ത്രി പറഞ്ഞു. സീപോർട്ട് എയ4പോ4ട്ട് റോഡിന്റെ രണ്ടാംഘട്ടം കളമശേരി എച്ച്എംടി റോഡ് മുതൽ എയ4പോ4ട്ട് (14.4 കിമി) വരെ 14.4 കിലോമീറ്ററാണ്. ഈ റീച്ചിൽ എച്ച്എംടിയുടെയും എ9എഡിയുടെയും ഉടമസ്ഥതയിലുള്ള സ്ഥലമൊഴികെയുള്ള 1.9 കിലോമീറ്റ4 റോഡിന്റെ നി4മാണം 2021 ൽ പൂ4ത്തിയായി. 14.4 കിലോമീറ്ററിന്റെ നി4മാണം നാല് സ്ട്രെച്ചുകളായാണു നടപ്പാക്കുന്നത്.

എച്ച്എംടി മുതൽ എൻഎഡി വരെയുള്ള ഭാഗം (2.7 കി.മീ), എൻ എഡി മുതൽ മഹിളാലയം വരെയുള്ള ഭാഗം (6.5 കി.മീ), മഹിളാലയം മുതൽ ചൊവ്വര വരെ (1.015 കി.മീ), ചൊവ്വര മുതൽ എയ4പോ4ട്ട് റോഡ് വരെ (4.5 കി.മീ). എൻ എഡി മഹിളാലയം സ്ട്രെച്ചിനു വേണ്ടി സ്ഥലമേറ്റെടുക്കുന്നതിനു പുറമേ, റോഡ് നിർമാണത്തിനു വേണ്ടിവരുന്ന 102 കോടി രൂപയ്ക്കു ഭരണാനുമതി നേരത്തെ നൽകിയിട്ടുണ്ട്. സാങ്കേതികാനുമതി നൽകി തുക ലഭ്യമാക്കുന്നതിനുള്ള തുടർനടപടികളും വേഗത്തിലാക്കും.

സീപോർട്ട് എയർപോർട്ട് റോഡിന്റെ കളമശേരിയിലെ ഒരു കിലോമീറ്റർ റോഡ് പൂർത്തിയാക്കാൻ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനു നൽകേണ്ടിവരുന്നത് 69 കോടി രൂപ. ലോക ചരിത്രത്തിൽ ആദ്യമായിട്ടായിരിക്കും ഒരു ഗവൺമെന്റ് മറ്റൊരു ഗവണ്മെന്റിനു ഒരു കിലോമീറ്റർ റോഡ് നിർമിക്കുന്നതിന് ഇത്ര ഭീമമായ തുക നൽകേണ്ടിവരുന്നതെന്നു മന്ത്രി പി. രാജീവ് പറഞ്ഞു. എൻഎഡിക്ക് ഭൂമിവിലയായി 23.11 കോടിരൂപ കൊടുക്കണം. എൻഎഡി റോഡ് വീതികൂട്ടലിനും സംരക്ഷണ ഭിത്തി നി4മിക്കുന്നതിനും കൂടി ചേ4ത്ത് 32.23 കോടി രൂപ നൽകണം. എച്ച്എംടിക്കു ഭൂമിവിലയായി 18.77കോടി രൂപ നൽകണം

# സിയാലിൽ പച്ചവേഷപ്പകർപ്പിൽ ഗോപിയാശാന്റെ നവരസഭാവങ്ങൾ

**കൊച്ചി:** അന്താരാഷ്ട്ര വിമാനത്താവളത്തിലെ ബിസിനസ് ജെറ്റ് ടെർമിനലിൽപ്രദർശിപ്പിച്ചിട്ടുള്ള തന്റെ തന്നെ നവരസ ഭാവങ്ങൾ കാണാൻ കലാമണ്ഡലംഗോപിയെത്തി. പച്ചവേഷപ്പകർപ്പിൽ ' ഗോപിയാശാന്റെ' ഒമ്പതു രസഭാവങ്ങളുടെസൂക്ഷ്മാംശങ്ങൾ തനിമ ചോരാതെ പെയിന്റിങ്ങിൽ ആവിഷ്ക്കരിച്ചാണ് സിയാലിൽ സൂക്ഷിച്ചിട്ടുള്ളത്.അൽപ്പം വയ്യായ്മയുണ്ടെങ്കിലും ഒരുദിവസം മുഴുവനും ആശാൻ കഥകളി വേഷംധരിച്ച് സിയാലിനായി ഭാവപ്രകാശം നടത്തുകയും അവയെ വിശദമായിഫോട്ടോഗ്രാഫുകളിലാക്കി പ്രശസ്ത ചിത്രകാരൻ മോപസാങ് വാലത്ത് പെയിന്റിങ്ങിൽആവിഷ്ക്കരിക്കുകയും ചെയ്യുകയായിരുന്നു. ഒരു യാത്രാ സംവിധാനം എന്നതിലപ്പുറം വിമാനത്താവളത്തിൽ കലാസാംസ്ക്കാരിക വേദിയൊരുക്കുകയാണ് സിയാലെന്ന് മാനേജിങ് ഡയറക്ടർ എസ്.സുഹാസ് പറഞ്ഞു. ' കേരളത്തിന്റെ മഹാകലാകാരൻമാർക്കും അവരുടെ കലാസപര്യയ്ക്കും കൊച്ചി വിമാനത്താവളത്തിൽ ഇടങ്ങൾ സൃഷ്ടിക്കാനുള്ള ശ്രമങ്ങൾ തുടങ്ങിയിട്ടുണ്ട്. അതിന്റെ ഭാഗമായാണ് ഇപ്പോൾ കലാമണ്ഡലം ഗോപിയുടെ നവരസ പെയിന്റിങ് ബിസിനസ് ജെറ്റ് ടെർമിനലിൽ ഒരുക്കിയിട്ടുള്ളത് ' സുഹാസ് പറഞ്ഞു.സിയാൽ പോലുള്ള അഭിമാന സ്ഥാപനങ്ങൾ ഇത്തരം കലാ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിൽ സന്തോഷമുണ്ടെന്ന് കലാമണ്ഡലം ഗോപി പറഞ്ഞു. പ്രോത്സാഹനമുണ്ടെങ്കിൽ ക്ലാസിക്കൽ കലാരൂപങ്ങൾ നിലനിൽക്കും. ഒരോ കലാപ്രദർശനങ്ങൾക്ക് പിന്നിലും നീണ്ടകാലത്തെ പ്രയത്നം ആവശ്യമാണ്. വിമാനത്താവളങ്ങൾ പോലെ രാജ്യാന്തര യാത്രക്കാർ എത്തുന്ന ഒരു സ്ഥലത്ത് ഇത്തരം പ്രദർശനങ്ങളിലൂടെ കലാകാരൻമാർക്ക് നൽകുന്ന പിന്തുണ വലുതാണ്ഗോപി കൂട്ടിച്ചേർത്തു.പ്രോജക്ട് കോ.ഓർഡിനേറ്ററും കഥകളി പണ്ഡിതനുമായ ഡോ.രാജശേഖർ പി.വൈക്കം, ചിത്രകാരൻ മോപ്പസാങ് വാലത്ത്, പ്രശസ്ത കഥകളി ഗായകൻ കോട്ടക്കൽ മധു, വിമാനത്താവള ഡയറക്ടർ മനു ജി, എക്സിക്യൂട്ടീവ് ഡയറക്ടർമാരായ സജി.കെ.ജോർജ്, ജയരാജൻ വി. തുടങ്ങിയവർ സന്നിഹിതരായിരുന്നു.




# ദേശീയ പഞ്ചായത്ത് അവാർഡ് ജേതാക്കളെ 11 ന് ആദരിക്കും

## കേരളത്തിന് രണ്ട് പുരസ്കാരങ്ങൾ

**ന്യൂഡൽഹി:** ദേശീയ പഞ്ചായത്ത് പുരസ്കാരം, കേന്ദ്ര പഞ്ചായത്ത് രാജ് മന്ത്രാലയം പ്രഖ്യാപിച്ചു. താഴേത്തട്ടിൽ നിന്നും സമഗ്രവും സുസ്ഥിരവുമായ വികസനം നയിക്കുന്നതിൽ രാജ്യത്തുടനീളമുള്ള പഞ്ചായത്തിരാജ് സ്ഥാപനങ്ങളുടെ മാതൃകാപരമായ ശ്രമങ്ങളെ അംഗീകരിക്കുന്ന ഈ അവാർഡുകൾ, പഞ്ചായത്തുകളുടെ മികവിന്റെ മാനദണ്ഡമായി വർത്തിക്കുന്നു. 2024ലെ ദേശീയ പഞ്ചായത്ത് പുരസ്കാര ദാന ചടങ്ങ് 2024 ഡിസംബർ 11ന് ന്യൂഡൽഹിയിലെ വിജ്ഞാൻ ഭവനിൽ നടക്കും. രാഷ്ട്രപതി ശ്രീമതി ദ്രൗപദി മുർമു അവാർഡ് ജേതാക്കൾ/ സ്വീകർത്താക്കൾക്ക് പുരസ്കാരം സമ്മാനിക്കും.

ഈ വർഷം, 45 അവാർഡ് ജേതാക്കളെ വിവിധ വിഭാഗങ്ങളിലായി തിരഞ്ഞെടുത്തു. ഇത് താഴേത്തട്ടിലുള്ള ഭരണത്തിലും സാമൂഹ്യ വികസനത്തിലും നേടിയ വിശാലമായ നേട്ടങ്ങളെ പ്രതിഫലിപ്പിക്കുന്നു. ദീൻ ദയാൽ ഉപാധ്യായ പഞ്ചായത്ത് സതത് വികാസ് പുരസ്കാരം, നാനാജി ദേശ്മുഖ് സർവോത്തം പഞ്ചായത്ത് സതത് വികാസ് പുരസ്കാരം, ഗ്രാമ ഊർജ സ്വരാജ് വിശേഷ് പഞ്ചായത്ത് പുരസ്കാരം, കാർബൺ ന്യൂട്രൽ വിശേഷ് പഞ്ചായത്ത് പുരസ്കാരം, പഞ്ചായത്ത് ക്ഷമതാ നിർമാൺ സർവോത്തം സൻസ്ഥാന പുരസ്കാരം എന്നിവയാണ് പുരസ്കാരങ്ങൾ . ദാരിദ്ര്യ നിർമാർജനം , ആരോഗ്യം, ശിശുക്ഷേമം, ജലസമൃദ്ധി, ശുചിത്വം, അടിസ്ഥാന സൗകര്യ വികസനം, സാമൂഹിക നീതി, സ്ത്രീ ശാക്തീകരണം, കാലാവസ്ഥാ സുസ്ഥിരത തുടങ്ങിയ സുപ്രധാന മേഖലകളിലെ നേട്ടങ്ങൾക്കാണ് ഈ പുരസ്കാരങ്ങൾ നൽകുക.

ഈ വർഷം 1.94 ലക്ഷം ഗ്രാമപഞ്ചായത്തുകൾ മത്സരത്തിൽ പങ്കെടുത്തു. അവാർഡ് ലഭിച്ച 42 പഞ്ചായത്തുകളിൽ 42 ശതമാനവും സ്ത്രീകൾ നേതൃത്വം നൽകുന്ന പഞ്ചായത്തുകളാണ്. ബ്ലോക്ക് തലം മുതൽ ദേശീയ തലം വരെ 5 വിവിധ കമ്മിറ്റികൾ സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ (എൽഎസ്ഡിജി) പ്രാദേശികവൽക്കരണവുമായി യോജിപ്പിച്ച് വിവിധ മേഖലകളിലുടനീളമുള്ള പഞ്ചായത്തുകളുടെ പ്രകടനം ആഴത്തിൽ വിലയിരുത്തി. പഞ്ചായത്തീരാജ് സ്ഥാപനങ്ങൾ (പിആർഐകൾ)/ ഗ്രാമീണ തദ്ദേശ സ്ഥാപനങ്ങൾ (ആർഎൽബി) എന്നിവയ്ക്കിടയിൽ സുതാര്യത വളർത്തുന്നതിനും മത്സര മനോഭാവം പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള മന്ത്രാലയത്തിന്റെ അചഞ്ചലമായ പ്രതിബദ്ധത ഈ പ്രക്രിയ ഉയർത്തിക്കാട്ടുന്നു.

ഈ അവാർഡുകൾ പഞ്ചായത്തീരാജ് സ്ഥാപനങ്ങളുടെ പ്രശംസനീയമായ നേട്ടങ്ങൾ ആഘോഷിക്കുന്നതിന് കളമൊരുക്കുന്നു. പുനരുജീവനശേഷിയുള്ളതും ഊർജ്ജസ്വലവുമായ ഗ്രാമീണ സമൂഹങ്ങളെ രൂപപ്പെടുത്തുന്നതിൽ പഞ്ചായത്തുകളുടെ പരിവർത്തനപരമായ പങ്ക് ഈ പ്രഖ്യാപനം ഊന്നിപ്പറയുന്നു. ഈ പുരസ്കാരങ്ങൾ ഈ സ്ഥാപനങ്ങൾ ഏറ്റെടുത്തിട്ടുള്ള അസാധാരണമായ പ്രവർത്തനങ്ങളുടെ അംഗീകാരമായി മാത്രമല്ല, മറ്റ് പഞ്ചായത്തുകളെ അവരുടെ പ്രദേശങ്ങളിൽ ഈ മികച്ച സമ്പ്രദായങ്ങൾ ആവർത്തിക്കാൻ പ്രചോദിപ്പിക്കാനും ലക്ഷ്യമിടുന്നു.

# സപ്പോർട്ടിങ് എൻജിനിയർ നിയമനം

**തിരുവനന്തപുരം:** പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന ഇഗ്രാന്റ്സ് സ്കോളർഷിപ്പ് പദ്ധതികളുടെ ബെനിഫിഷ്യറി സപ്പോർട്ട് നൽകുന്നതിന് ഡയറക്ടറേറ്റിൽ മൂന്ന് സപ്പോർട്ടിങ് എൻജിനിയർമാരെ ഒരു വർഷക്കാലയളവിലേക്ക് നിയമിക്കുന്നു. പ്രതിമാസം 22290 രൂപ ഓണറേറിയത്തിൽ താൽക്കാലികാടിസ്ഥാനത്തിലാണ് നിയമനം. ബി.ടെക് ഡിഗ്രി (ബി.ടെക് കമ്പ്യൂട്ടർ സയൻസ്/ഐ.ടി), എംസിഎ/ എംഎസ്സി ഐടി/ എംഎസ്സി കമ്പ്യൂട്ടർ സയൻസ് എന്നിവയിൽ ഏതെങ്കിലും യോഗ്യതയുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് അപേക്ഷിക്കാം. പ്രായപരിധി പരമാവധി 35 വയസ്. താൽപര്യമുള്ളവർ വെള്ളപേപ്പറിൽ തയ്യാറാക്കിയ അപേക്ഷയോടൊപ്പം യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പും ബയോഡാറ്റയും സഹിതം അപേക്ഷ നൽകണം.

അപേക്ഷയുടെ കവറിന് മുകളിൽ 'ആപ്ലിക്കേഷൻ ഫോർ സപ്പോർട്ട് എൻജിനിയർ' എന്ന് രേഖപ്പെടുത്തണം. അപേക്ഷകൾ ജോയിന്റ് ഡയറക്ടർ (വിദ്യാഭ്യാസം), പട്ടികജാതി വികസന വകുപ്പ് ഡയറക്ടറേറ്റ്, നന്ദാവനം, വികാസ് ഭവൻ പി ഒ തിരുവനന്തപുരം33 എന്ന വിലാസത്തിൽ 18ന് വൈകിട്ട് 5 നകം ലഭിക്കണം. ഇൻറർവ്യൂ തീയതി ഉദ്യോഗാർഥികളെ അറിയിക്കും.

# വോളിബാൾ ടീം സെലക്ഷൻ

**കൊച്ചി:** 2025 ജനുവരി 7 മുതൽ 13 വരെ രാജസ്ഥാനിൽ നടക്കുന്ന സീനിയർ വോളിബാൾ ചാമ്പ്യൻഷിപ്പിലേക്കുള്ള കേരള വനിത ടീമിനെ തെരഞ്ഞെടുക്കുന്നതിനുള്ള സെലക്ഷൻ 11ന് രാവിലെ 9 മുതൽ തൃശൂർ ജില്ലാ സ്പോർട്സ് കൗൺസിൽ സ്റ്റേഡിയത്തിലും പുരുഷ ടീമിന്റെ സെലക്ഷൻ ട്രയൽസ് 16ന് രാവിലെ 9 മുതൽ എറണാകുളം അമ്പലമുകൾ ബി.പി.സി.എൽ വോളിബാൾ ഗ്രൗണ്ടിലും നടക്കും.

സൊസൈറ്റി ടുഡേ
SOCIETY TODAY

# ഇന്ത്യൻ ആർമിക്ക് അത്യാധുനിക ഡ്രോൺ കൈമാറി ആസ്റ്റീരിയ എയ്റോസ്പേസ്

**ബംഗളൂരു/ കൊച്ചി:** അത്യാധുനിക നിരീക്ഷണ ഡ്രോണുകൾ ഇന്ത്യൻ ആർമിക്ക് കൈമാറി പ്രമുഖ ഡ്രോൺ ടെക് കമ്പനിയായ ആസ്റ്റീരിയ എയ്റോസ്പേസ്. ഫുൾസ്റ്റാക്ക് ഡ്രോൺ ടെക്നോളജി കമ്പനിയായ ആസ്റ്റീരിയ എയ്റോസ്പേസ്, തങ്ങളുടെ എടി15 വെർട്ടിക്കൽ ടേക്ക്ഓഫ് ആൻഡ് ലാൻഡിംഗ് (വിടിഒഎൽ) ഡ്രോണുകളുടെ എക്കാലത്തെയും വലിയ കരാറാണ് വിജയകരമായി പൂർത്തിയാക്കിയത്. ഇന്ത്യൻ സൈന്യത്തിന് നിരീക്ഷണ ഡ്രോണുകൾ കൈമാറിയതായി കമ്പനി വ്യക്തമാക്കി. കമ്പനിയെ സംബന്ധിച്ചിടത്തോളം സുപ്രധാന നാഴികക്കല്ലാണിതെന്ന് ആസ്റ്റീരിയ എയ്റോസ്പേസ് ഡയറക്റ്ററും സഹസ്ഥാപകനുമായ നീൽ മെഹ്ത പറഞ്ഞു. കേന്ദ്ര സർക്കാരിന്റെ ആത്മനിർഭർ ഭാരതിനോടുള്ള പ്രതിബദ്ധത അടയാളപ്പെടുത്തുന്ന പുരോഗതി കൂടിയാണിതെന്നും ആസ്റ്റീരിയ വ്യക്തമാക്കി. പ്രതിരോധ, ആഭ്യന്തര സുരക്ഷാ ഏജൻസികളുടെ ആവശ്യകതകൾ നിറവേറ്റുന്നതിനുള്ള അത്യാധുനിക ഉപകരണങ്ങൾ വികസിപ്പിക്കുന്നതിലുള്ള കമ്പനിയുടെ പ്രതിബദ്ധത കൂടിയാണ് ഇത് പ്രതിഫലിപ്പിക്കുന്നതെന്നും നീൽ മെഹ്ത പറഞ്ഞു.



വളരെ ഉയർന്ന തലത്തിലുള്ള പ്രദേശങ്ങളിലെ മികച്ച പറക്കൽ പ്രകടനം, ഹൈ റെസലൂഷൻ ഡേ ആൻഡ് നൈറ്റ് കാമറകൾ, വളരെ കൃത്യതയോടെയുള്ള ആർട്ടിലറി ടാർഗെറ്റിംഗിനുള്ള പിന്തുണ എന്നിങ്ങനെയുള്ള നിരവധി നൂതന സവിശേഷതകൾ ഉൾക്കൊള്ളുന്നതാണ് ഈ മാൻപോർട്ടബിൾ ഡ്രോണുകളെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഇന്ത്യൻ സൈന്യത്തിന്റെ നിരീക്ഷണ ശേഷികൾ കൂടുതൽ ശാക്തീകരിക്കുന്നതിന് ഇത് സഹായിക്കുമെന്നും നീൽ മെഹ്ത വ്യക്തമാക്കി.

സമുദ്രനിരപ്പിൽ നിന്ന് 6000 മീറ്റർ വരെ ഉയരത്തിൽ പ്രവർത്തിക്കാനുള്ള ശേഷിയുണ്ട് അതിശക്തമായ കാറ്റിനെ വരെ പ്രതിരോധിക്കുന്ന എടി15 ഡ്രോണിന്. മികച്ച എയറോഡൈനാമിക്സ് സംവിധാനങ്ങളുള്ള ഡ്രോൺ, ഈ മേഖലയിൽ വലിയ മാറ്റങ്ങളുണ്ടാക്കിയേക്കും. ഇതിന്റെ വെർട്ടിക്കൽ ടേക്ക് ഓഫ്, ലാൻഡിംഗ് ശേഷി എത്ര പരിമിതമായ പ്രദേശങ്ങളിൽ പോലും ഡ്രോൺ ഉപയോഗിക്കാൻ സഹായിക്കും. 120 മിനിറ്റാണ് പറക്കൽ ശേഷി, 20 കിലോമീറ്ററാണ് പരിധി. നിർണായകമായ ഏരിയൽ ഇന്റലിജൻസ് വിവരങ്ങൾ ശേഖരിക്കുന്നതിന് സൈന്യത്തെ സഹായിക്കാൻ ഡ്രോണിന് സാധിക്കും. ബംഗളൂരുവിലെ 28,000 ചതുരശ്രയടി വരുന്ന ഡിസൈൻ ആൻഡ് പ്രൊഡക്ഷൻ കേന്ദ്രത്തിലാണ് ആസ്റ്റീരിയ എയ്റോസ്പേസ് പ്രവർത്തിക്കുന്നത്. മികച്ച ഗുണനിലവാരത്തിലുള്ള ഫ്യൂച്ചർ റെഡി ഉൽപ്പന്നങ്ങൾ വികസിപ്പിക്കുന്നതിലലാണ് ഇവർ ശ്രദ്ധയൂന്നുന്നത്. പ്രതിരോധം, ആഭ്യന്തര സുരക്ഷ, കൃഷി, ഓയിൽ ആൻഡ് ഗ്യാസ്, ഊർജം തുടങ്ങിയ മേഖലകളിൽ ഉപയോഗിക്കാവുന്ന ഡ്രോണുകളാണ് ഇവർ പ്രധാനമായും നിർമിക്കുന്നത്. റിലയൻസ് ഇൻഡസ്ട്രീസിന് കീഴിലുള്ള ജിയോ പ്ലാറ്റ്ഫോംസ് ലിമിറ്റഡിന്റെ സബ്സിഡിയറിയാണ് ആസ്റ്റീരിയ എയ്റോസ്പേസ്.

# സംരംഭക വർഷം പദ്ധതിക്ക് അന്താരാഷ്ട്ര അംഗീകാരം

**കൊച്ചി:** സംസ്ഥാന വ്യവസായ വകുപ്പിൻറെ സംരംഭക വർഷം പദ്ധതിക്ക് അന്താരാഷ്ട്ര അംഗീകാരം. പബ്ളിക് അഡ്മിനിസ്ട്രേഷൻ മേഖലയിൽ ലോകത്തെ ഏറ്റവും വലിയ വേദിയായ അമേരിക്കൻ സൊസൈറ്റി ഓഫ് പബ്ലിക് അഡ്മിനിസ്ട്രേഷൻ, 'ഇന്നവേഷൻ ഇൻ പബ്ളിക് അഡ്മിനിസ്ട്രേഷൻ എന്ന അംഗീകാരമാണ് സംരംഭക വർഷം പദ്ധതിക്ക് നൽകിയത്.സൊസൈറ്റിയുടെ 87 വർഷത്തെ ചരിത്രത്തിൽ ഇതാദ്യമായാണ് ഇന്ത്യയിൽ നിന്നുള്ള ഒരു പദ്ധതി അംഗീകരിക്കപ്പെടുന്നത്. 2025 മാർച്ച് 28 മുതൽ ഏപ്രിൽ 1 വരെ വാഷിംഗ്ടണിൽ നടക്കുന്ന സൊസൈറ്റിയുടെ വാർഷിക സമ്മേളനത്തിൽ പദ്ധതിയെക്കുറിച്ച് അവതരണം നടത്തുന്നതിന് വ്യവസായ മന്ത്രി പി.രാജീവിനെ ക്ഷണിച്ചു.



സംരംഭക വർഷം പദ്ധതിയെക്കുറിച്ച് ഇൻഡോർ ഐ.ഐ.എം നടത്തിയ പഠന റിപ്പോർട്ട് സർക്കാരിനു കൈമാറുന്നതിനായി കൊച്ചിയിൽ നടന്ന ചടങ്ങിൽ ഐഐഎം ഇൻഡോർ ഡയറക്ടർ ഹിമാൻഷു റോയി ആണ് ഇക്കാര്യം അറിയിച്ചത്. ലോകത്തെ പൊതുഭരണ വിദഗ്ധർ ആകാംക്ഷയോടെ കാത്തിരിക്കുന്ന അന്താരാഷ്ട്ര വേദിയാണ് എസ്പിഎ വാർഷിക സമ്മേളനമെന്ന് ഹിമാൻഷു റോയി പറഞ്ഞു. പല രാജ്യങ്ങളുടെയും നയരൂപീകരണത്തെ പോലും ഇതിലെ ചർച്ചകൾ സ്വാധീനിക്കും. ഇത്തരമൊരു വേദിയിൽ കേരളത്തിൻറെ നേട്ടം അവതരിപ്പിക്കാനാവുന്നത് ചെറിയ കാര്യമല്ലെന്നും അദ്ദേഹം പറഞ്ഞു. ഇതോടെ 150 രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾക്ക് മുന്നിൽ കേരളത്തിൻറെ അഭിമാന പദ്ധതി അവതരിപ്പിക്കപ്പെടും.സംരംഭക വർഷത്തിൻറെ ഭാഗമായി കഴിഞ്ഞ മൂന്നു വർഷം കൊണ്ട് മൂന്നു ലക്ഷം സംരംഭങ്ങൾ ആരംഭിക്കാനും അത് വഴി ഏഴ് ലക്ഷത്തിലധികം തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും കഴിഞ്ഞെന്ന് റിപ്പോർട്ട് ചൂണ്ടിക്കാട്ടി. ഇതേ വിഷയത്തിൽ തിരുവനന്തപുരത്തെ സെൻറർ ഫോർ മാനേജ്മൻറ് ആൻഡ് ഡെവലപ്മൻറ് നടത്തിയ പഠന റിപ്പോർട്ടും സർക്കാരിന് കൈമാറി.കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും കൂടുതൽ നിക്ഷേപം കൊണ്ടു വരുന്നതിനും ഈ റിപ്പോർട്ട് സർക്കാരിനെ സഹായിക്കുമെന്ന് പി രാജീവ് പറഞ്ഞു. സർക്കാരിന് പുറത്തുള്ള സ്വതന്ത്ര ഏജൻസികൾ വഴിയുള്ള പഠന റിപ്പോർട്ടുകൾ വലിയ അവസരമാണ് നൽകുന്നത്. കുറവുകൾ കണ്ടെത്താനും അത് സമയബന്ധിതമായി പരിഹരിക്കാനും ഇത്തരം പഠനങ്ങൾ സഹായിക്കും. ഈ റിപ്പോർട്ടിലുള്ള ശുപാർശകളും നിർദ്ദേശങ്ങളും സർക്കാർ അതീവ ഗൗരവത്തോടെയാണ് കാണുന്നതെന്നും മന്ത്രി പറഞ്ഞു.

കേരളത്തിൻറെ വ്യവസായ നയങ്ങൾ ഇന്ന് മറ്റ് സംസ്ഥാനങ്ങൾ അതേ പടി പകർത്തുകയാണെന്ന് വ്യവസായവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എപിഎം മുഹമ്മദ് ഹനീഷ് പറഞ്ഞു. ഇത് കേരളത്തിനുള്ള അംഗീകാരമായി കാണുന്നുവെന്നും അദ്ദേഹം പറഞ്ഞു. ഐഐഎമ്മിൻറെ പഠനരീതികൾ, ഗവേഷണ ഫലം, നിർദ്ദേശങ്ങൾ തുടങ്ങിയവയെക്കുറിച്ച് ഐഐഎം ഐ പ്രൊഫ. പ്രശാന്ത് സൽവാൻ അവതരണം നടത്തി. സിഎംഡി മുൻ ഡയറക്ടർ ജി സുരേഷ്, വ്യവസായ വാണിജ്യവകുപ്പ് അഡി. ഡയറക്ടർമാരായ ഡോ. കെ എസ് കൃപകുമാർ, രാജീവ് ജി തുടങ്ങിയവരും സംബന്ധിച്ചു.



# മണപ്പുറം ഫൗണ്ടേഷന് ദേശീയ പുരസ്കാരം

**കൊച്ചി:** സുസ്ഥിര നൈപുണ്യ വികസനപ്രവർത്തനങ്ങൾക്ക് മണപ്പുറം ഫൗണ്ടേഷന് എക്കോ ഫ്രണ്ട്ലി സ്കിൽ ഡെവലപമെന്റ് പുരസ്കാരം ലഭിച്ചു. ബാംഗ്ലൂരിൽ നടന്ന ചടങ്ങിൽ മണപ്പുറം ഫൗണ്ടേഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ജോർജ് ഡി ദാസ്, മണപ്പുറം ഫിനാൻസ് സീനിയർ പിആർഒ കെ.എം. അഷ്റഫ് എന്നിവർ പുരസ്കാരം ഏറ്റുവാങ്ങി. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരുൾപ്പെടെയുള്ള കുട്ടികളുടെ വിദ്യാഭ്യാസത്തിനു വേണ്ടി മണപ്പുറം ഫൗണ്ടേഷൻ നടത്തി വരുന്ന സ്കിൽ ഡെവലപ്മെന്റ് പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമായാണ് പുരസ്കാരം. സാമൂഹിക പ്രതിബദ്ധതാ പ്രവർത്തനങ്ങളുടെ ഭാഗമായി വിദ്യാഭ്യാസമേഖലയിൽ മണപ്പുറം ഫൗണ്ടേഷൻ പ്രതിവർഷം ആറ് കോടിയിലധികം രൂപയാണ് ചെലവഴിക്കുന്നത്.പാഠപുസ്തകങ്ങളിലെ അറിവുകളോടൊപ്പം വിദ്യാർത്ഥികളുടെ വൈവിധ്യമാർന്ന കഴിവുകളെ കൂടി പ്രോത്സാഹിപ്പിക്കുന്ന പഠനരീതികൾ നടപ്പാക്കേണ്ടത് അത്യാവശ്യമാണെന്ന് മണപ്പുറം ഫൗണ്ടേഷൻ മാനേജ്മെന്റ് ട്രസ്റ്റി വി.പി. നന്ദകുമാർ പറഞ്ഞു.



# കല്യാൺ ജൂവലേഴ്സിന്റെ പുഷ്പ കളക്ഷൻ വിപണിയിൽ

കൊച്ചി: ഇന്ത്യയിലെയും ഗൾഫ് രാജ്യങ്ങളിലെയും ഏറ്റവും വിശ്വാസ്യതയേറിയ ആഭരണ ബ്രാൻഡുകളിലൊന്നായ കല്യാൺ ജൂവലേഴ്സ് ജനപ്രിയ സിനിമയായ പുഷ്പയിൽനിന്നുള്ള പ്രചോദനം ഉൾക്കൊണ്ട് രൂപപ്പെടുത്തിയ എക്സ്ക്ലൂസീവ് ലിമിറ്റഡ് എഡിഷൻ ആഭരണനിരയായ 'പുഷ്പ കളക്ഷൻ' വിപണിയിലിറക്കി.

പുഷ്പ 2 റിലീസിനോടനുബന്ധിച്ചാണ് ആകർഷകമായ ഈ ആഭരണ ശേഖരം പുറത്തിറക്കിയത്. പ്രകൃതിയുടെ ചൈതന്യവും ഗാംഭീര്യവും പ്രതിഫലിപ്പിക്കുന്നതാണ് പുഷ്പ ആഭരണ ശേഖരം.സ്വർണത്തിൽ തീർത്ത് അൺകട്ട് ഡയമണ്ടുകളും മദർ ഓഫ് പേളും സെമിപ്രഷ്യസ് കല്ലുകളും ഉപയോഗിച്ച് അലങ്കരിച്ചവയാണ് പുഷ്പ ശേഖരത്തിലെ ആഭരണങ്ങൾ.

പ്രകൃതിയുടെ വന്യ സൗന്ദര്യത്തിനുള്ള ആദരവെന്നോണമാണ് ഈ ആഭരണങ്ങൾ രൂപപ്പെടുത്തിയിരിക്കുന്നത്. ഈ ശേഖരത്തിലെ ഓരോ ആഭരണങ്ങളെയും കഥകൾ പറയാൻ കഴിയുന്ന കലാസൃഷ്ടികളായാണ് കല്യാൺ ജൂവലേഴ്സ് രൂപകല്പന ചെയ്തിരിക്കുന്നത്.ചലച്ചിത്രതാരം രശ്മിക മന്ദാനയാണ് സാമൂഹ്യമാധ്യമങ്ങളിലൂടെ പുഷ്പ ആഭരണ ശേഖരം വിപണിയിലിറക്കിയത്.

# ക്യൂട്ടീസ് ഇന്റർനാഷണൽ ക്ലിനിക്ക് ബ്രാഞ്ച് കൊച്ചിയിൽ

**കൊച്ചി:** സ്കിൻ ആന്റ് ഹെയർ കെയർ രംഗത്തെ പ്രമുഖരായ ക്യൂട്ടീസ് ഇന്റർനാഷണൽ ക്ലിനിക്കിന്റെ കേരളത്തിലെ ഏറ്റവും വലിയ ബ്രാഞ്ച് കൊച്ചിയിൽ റീലോഞ്ച് ചെയ്തു. സിനിമാ താരങ്ങളായ അർജുൻ അശോകനും അന്ന ബെന്നും ചേർന്ന് റീലോഞ്ച് നിർവഹിച്ചു. ഇടപ്പള്ളി മാരിയറ്റ് ഹോട്ടലിൽ നടന്ന ചടങ്ങിൽ ക്യൂട്ടീസ് ഇന്റർനാഷണൽ ക്ലിനിക്കിന്റെ സ്ഥാപകനും ചെയർമാനുമായ ഡോ. ഷജീർ മച്ചിഞ്ചേരി, വൈസ് ചെയർമാനും സി ഇ ഒയുമായ ജയൻ കെ പിള്ളൈ എന്നിവരും പങ്കെടുത്തു. കാക്കനാട് സീപോർട്ട് എയർപോർട്ട് റോഡിൽ പാർക്ക് റസിഡൻസിക്ക് സമീപം മൂന്ന് നിലകളിലായാണ് ക്യൂട്ടീസ് പ്രവർത്തിക്കുന്നത്. കൊച്ചിക്കു പുറമേ തിരുവനന്തപുരം, കോഴിക്കോട്, കോട്ടക്കൽ, ബംഗളൂരു, ഹൈദരബാദ്, ദുബൈ, ഷാർജ, ഒമാൻ, യുകെ എന്നിവിടങ്ങളിലും ക്യൂട്ടീസ് പ്രവർത്തിക്കുന്നുണ്ട്. സൗദി അറേബ്യ, ഖത്തർ, അൽഐൻ, റാസൽ ഖൈമ, മുംബൈ എന്നിവിടങ്ങളിൽ



ക്ലിനിക്ക് ആരംഭിക്കാനുള്ള നടപടികളിലാണെന്ന് മാനേജ്മെന്റ് പ്രതിനിധികൾ അറിയിച്ചു. ഷാജു ശ്രീധർ, കിച്ചു ടെല്ലസ്, പ്രശാന്ത് മുരളി തുടങ്ങി നിരവധി താരങ്ങളും കാതൽ ദി കോർ സിനിമയുടെ എഴുത്തുകാരൻ ആദർശ് സുകുമാരൻ, ജനപ്രിയ ഇൻഫ്ളുവൻസർമാരായ കിടിലം ഫിറോസ് മുനീർ മലപ്പുറം, ഐപ് വള്ളിക്കാടൻ തുടങ്ങിയവരും ചടങ്ങിൽ അതിഥികളായിരുന്നു. ശബരീഷ് പ്രഭാകരനും സംഘവും സംഗീത നിശയും ധീര ഡാൻസ് കമ്പനി പെർഫോമൻസും അവതരിപ്പിച്ചു. മീര അനിൽ അവതാരകയായിരുന്നു.

# വിവിധ പാക്കേജുകളിൽ ദുബായ് സന്ദർശനം നടത്താൻ അവസരം



**ദുബായ്:** വിനോദസഞ്ചാരത്തിനും വൈവിധ്യമാർന്ന കാഴ്ചകൾ കാണാനും രുചിഭേദങ്ങൾ അനുഭവിക്കാനും അവസരമൊരുക്കി ദുബായ്. ബുർജ് ഖലീഫ മുതൽ ദുബായ് മാൾ വരെ നീളുന്ന ആഡംബര കാഴ്ചകളും ബീച്ചുകളുടെ വശ്യതയും മരുഭൂമി യാത്രകളുമടക്കം നിരവധി അവസരങ്ങളാണ് ദുബായ് ഈ സീസണിൽ ഒരുക്കിവെച്ചിരിക്കുന്നത്.

70ലധികം രാജ്യങ്ങളിൽ നിന്നുള്ളവർക്ക് വിസ കൂടാതെ ദുബായ് സന്ദർശിക്കാനുള്ള അവസരം നൽകുന്നതിനൊപ്പം ടൂറിസ്റ്റ് സിം കാർഡും സ്റ്റോപ്പ് ഓവർ സൗകര്യങ്ങളും ലഭ്യമാണ്.എട്ട്, 1216, 24, 48 മണിക്കൂറുകൾ നീളുന്ന സ്റ്റോപ്പ് ഓവർ പാക്കേജുകൾ വിനോദസസഞ്ചാരികൾക്കായി ഈ ടൂറിസം സീസണിൽ ഒരുക്കിയിട്ടുണ്ട്. ബുർജ് ഖലീഫയും ദുബായ് മെട്രോയും കൂടാതെ നഗരം ചുറ്റിക്കാണാൻ സിറ്റി ബസ് സേവനങ്ങൾ, നികുതി രഹിത ഷോപ്പിങ്ങ് സൗകര്യങ്ങൾ, ചരിത്രപരമായ അൽ ഫഹീദി, ദുബായ് ക്രീക്ക്, സോക്ക് മാർക്കറ്റുകൾ, ജുമൈറിയ ബീച്ച്, എത്തിഹാദ് മ്യൂസിയം, കൈറ്റ് ബീച്ച്, ഐഎം എം ജി വേൾഡ്സ് ഓഫ് അഡ്വെഞ്ചർ, വിവിധ പാർക്കുകളും റിസോർട്ടുകളും തുടങ്ങി വൈവിധ്യമാർന്ന അനുഭവങ്ങളാണ് വിനോദസഞ്ചാരികളെ കാത്തിരിക്കുന്നത്.

കൂടുതൽ വിവരങ്ങൾക്കും ബുക്കിംഗിനും സന്ദർശിക്കുക: www.visitdubai.com

# ഇനി വൈൻ സൂക്ഷിക്കാൻ മുള ബോട്ടിലും; ബാംബൂ ഫെസ്റ്റിൽ ഭൂട്ടാൻ പങ്കാളിത്തവും

**കൊച്ചി:** ഇരുപത്തിയൊന്നാമത് ബാംബൂ ഫെസ്റ്റിൽ ഇത്തവണ ഭൂട്ടാനിൽ നിന്നുള്ള കരകൗശല വിദഗ്ധരുടെ അന്താരാഷ്ട്ര പങ്കാളിത്തമാണ് ശ്രദ്ധേയമാകുന്നത്. മൂന്ന് കരകൗശല വിഗഗ്ധരാണ് പതിനഞ്ചോളം ഉൽപ്പന്നങ്ങളുമായി കൊച്ചി മറൈൻ ഡ്രൈവിൽ നടക്കുന്ന ബാംബൂ മിഷൻ ആതിഥേയത്വം വഹിക്കുന്ന ബാംബൂ ഫെസ്റ്റിലെത്തിയിരിക്കുന്നത്.ഭൂട്ടാനിലെ താരായണ ഫൗണ്ടേഷൻ വഴിയാണ് ഇവർ കൊച്ചിയിലെ മേളയിൽ പങ്കെടുക്കാനെത്തിയത്. ഭൂട്ടാനിലെ രാജ്ഞിയായ ഡോർജി വാങ്മോ വാങ്ചക്ക് ആണ് 2003 മെയ് 4ന് ഈ ഫൗണ്ടേഷൻ സ്ഥാപിച്ചത്. അന്നത്തെ കിരീടാവകാശിയായിരുന്ന ജിഗ്മെ ഖേസർ നാംഗ്യേൽ വാങ്ചക്ക് ഈ സംരംഭത്തിന് ഔദ്യോഗികമായ തുടക്കം കുറിച്ചു. സാമൂഹികവും സാമ്പത്തികവുമായ ഉന്നമനത്തിന് ഭൂട്ടാനിലെ ഗ്രാമീണ ജനങ്ങൾക്ക് കൈത്താങ്ങാവുക എന്നാണ് ഈ ഫൗണ്ടേഷന്റെ ലക്ഷ്യം. 20 ജില്ലകളിലും ഫൗണ്ടേഷൻ പ്രവർത്തിക്കുന്നുണ്ട്. 12 ഫീൽഡ് ഓഫീസർമാർ ഉൾപ്പെടെ 32 ജീവനക്കാരാണ് താരയാന ഫൗണ്ടേഷനിലുള്ളത്.കുട്ട, ബാസ്കറ്റ്, തൊപ്പി എന്നിവയാണ് ഭൂട്ടാനിൽ നിന്നുള്ള സ്റ്റോളിൽ ആകർഷണീയമായ ഉൽപ്പന്നങ്ങൾ. ചാർക്കോൾ സോപ്പും ഇവയോടൊപ്പമുണ്ട്. ചതുരാകൃതിയിലുള്ള ബാസ്കറ്റുകളാണ് അധികവുമുള്ളത്. മുളയുടെ



വൈൻ ബോട്ടിൽ ആണ് ഏറെ കൗതുകമുണർത്തുന്നത്. ഇന്ത്യയിൽ നിന്ന് വ്യത്യസ്തമായി മൾട്ടികളറിൽ ഇവ ലഭിക്കുമെന്നതാണ് പ്രത്യേകത. മെഷീനുകളുടെ സഹായമില്ലാതെ കൈകൊണ്ടാണ് ഇവയെല്ലാം നിർമിക്കുന്നതെന്ന് മേളയിലെത്തിയ സോനം ഗ്യാൽസ്റ്റെൻ പറയുന്നു. ഗ്യാൽസ്റ്റെനൊപ്പം മറ്റ് രണ്ടു പേർ കൂടിയാണ് മേളയിലെത്തിയിരിക്കുന്നത്. ഇന്ത്യയിൽ മറ്റ് സംസ്ഥാനങ്ങളിൽ നടത്തുന്ന മേളകളിൽ പങ്കെടുത്തിട്ടുണ്ടെങ്കിലും കേരളത്തിൽ ഇവർ ആദ്യമാണ്.ബാംബൂ ഉൽപ്പന്നങ്ങൾക്ക് ഭൂട്ടാനിലും പതുക്കെ ആവശ്യക്കാർ കൂടി വരുന്നുണ്ടെന്നാണ് സോനം ഗ്യാൽസ്റ്റെൻ പറയുന്നത്.

കേരളത്തിൽ നിന്നുള്ള ആളുകളുടെ പ്രതികരണം മനസിലാക്കി അടുത്ത തവണ കൂടുതൽ മികച്ച ഉൽപ്പന്നങ്ങൾ എത്തിക്കുമെന്നും ഇവർ പറയുന്നു. 2080 രൂപ മുതലാണ് വൈൻ ബോട്ടിലിന്റെ വില തുടങ്ങുന്നത്. ഗിഫ്റ്റ് ബാസ്കറ്റിന് 1000 രൂപയാണ് വില.

തൊപ്പിക്ക് 1440 രൂപയാണ് വില. ഭൂട്ടാനിലെ പരമ്പരാഗത തൊപ്പിയും ഇതോടൊപ്പമുണ്ട്. ഡിസംബർ 7ന് ആരംഭിച്ച മേള ഡിസംബർ 12ന് അവസാനിക്കും. രാവിലെ 10.30 മുതൽ രാത്രി 8.30 വരെയാണ് പ്രവേശനം. മേളയിൽ പ്രവേശനം സൗജന്യമാണ്.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com